

പുസ്തകം ൨൨) ൧൯൨൪ ജൂലായി. (ലക്കം ൭.

കർമ്മേലമാതാവിന്റെ തിരുനാൾ.

ഈ പത്രഗ്രന്ഥം യാതൊരാളിന്റെ നാമത്തിലും യാതൊരാളിന്റെ സ്തുതിയെ ഉദ്ദേശിച്ചും പ്രസിദ്ധീകരിക്കപ്പെട്ടതുപോലെ അല്ല കർമ്മേലനായികയുടെ തിരുനാൾ ഈ മാസം ൨൬-ാംതീയതി ആഘോഷിക്കപ്പെട്ടതാകയാൽ 'കുസുമ' വായനക്കാരോടും കർമ്മേല ഉത്തരീയം ധരിച്ചിരിക്കുന്നവരോടും ഈ അവസരത്തിൽ രണ്ടുവാക്കു പറയേണ്ടതു കർമ്മേലകുസുമത്തിന്റെ ഒഴിച്ചുകൂടാത്ത ചുമതലകളിൽ ഒന്നായിട്ടാണിരിക്കുന്നത്.

ഉത്തരീയം എന്നതു 'സ്കാപ്പുലർ' എന്ന പദത്തിനു വിവക്ഷിച്ചിരിക്കുന്ന അർത്ഥമാണല്ലോ. 'സ്കാപ്പുലർ' എന്ന പദത്തിന്റെ അർത്ഥം തോളിനെ സംബന്ധിച്ചതു എന്നും, വിശ്വാസികളുടെ ഇടയിൽ പരക്കെ സ്വീകരിച്ചിരിക്കുന്ന അർത്ഥം ചില പ്രത്യേക ഭക്തിയെ സൂചിപ്പിക്കുന്ന ഒരു ബാഹ്യചിഹ്നമെന്നുമാണ്. ഉത്തരീയം പല പ്രകാരത്തിലായി ഫ്രാൻസിസ്കൻ സഭയിൽ കൂടാതെ ഇപ്പോൾ തിരുസഭയിൽ ഉപയോഗിക്കപ്പെട്ടുന്നുണ്ട്. ഇവയിൽ പഴക്കംകൊണ്ടും പ്രചാരംകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു കർമ്മേലമാതാവിന്റെ ഉത്തരീയംതന്നെയാണ്. ഈ ഉത്തരീയത്തെ ധരിക്കാത്തവരായി നമ്മുടെ നാട്ടുകളിൽ അധികമാരുമില്ലാ എന്നുള്ളതും സന്തോഷകരംതന്നെ. ഈ ഉത്തരീയത്തിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള ചരിത്രം ഇപ്രകാരമാണ്. ൧൨൫൫ കർക്കടകമാസം ൨൬-ാംതീയതി ഞായറാഴ്ച ഇംഗ്ലണ്ടിൽ കെയിംബ്രിഡ്ജ് എന്ന പട്ടണത്തിൽ വച്ചു ഭാഗ്യപ്പെട്ട കന്യാസ്ത്രീമറിയം ഒരു ഉത്തരീയത്തെ കയ്യിൽ എടുത്തുകൊണ്ടു ശെമോൻസ്തോക്കുപുണ്യവാനു പ്രത്യക്ഷയായി. വി. ശെമോൻസ്തോക്കു തന്റെ സഭയ്ക്കുനേരിട്ടിരുന്ന കഷ്ടപ്പാടുകളെപ്പറ്റിഹൃദയപൂർവ്വം പ്രാർത്ഥിച്ചുവന്നിരുന്നതിന്റെ ഫലമായിട്ടാണു ഇങ്ങനെ പ. മറിയം പ്രത്യക്ഷയായതു്. അവിടുന്നു ഉത്തരീയം കാണിച്ചുകൊണ്ടു് "പ്രിയ പുത്രാ! എന്റെ സഭയുടെ ഒരു ചിഹ്നമായിട്ടും നിനക്കും കർമ്മലീത്താസഭയ്ക്കുവേണ്ടിയും അനുഗ്രഹത്തിന്റെ ഒരു പ്രത്യേക അടയാളമായിട്ടും നിന്റെ സഭയുടെ ഈ ഉത്തരീയത്തെ നീ സ്വീകരിക്ക. ഈ ഉത്തരീയത്തോടുകൂടെ മരിക്കുന്നവരാരും നിത്യാഗ്നിയിൽ കഷ്ടപ്പെടുകയില്ല. ഇതു രക്ഷയുടെ അടയാളവും ആപത്തുകളിൽ സങ്കേതവും സമാധാനത്തിന്റെയും ഉടമ്പടിയുടെയും അച്ചാരവും ആകുന്നു." എന്നു സ്നേഹപൂർവ്വം അരുളിച്ചെയ്തു.

ഈ വാഗ്ദാനത്തിൽനിന്നു വിശദമാകുന്നതു് ആരെങ്കിലും തിരു ഉത്തരീയം ആദ്യമായി ധരിക്കുന്ന അവസരത്തിൽ കർമ്മേലനായിക അവരോടു ഒരുടമ്പടി ചെയ്യുന്നു എന്നാണ്. ഉടമ്പ

ടി ഇരു കക്ഷികളേയും കടപ്പെട്ടുത്തുന്നതും, ഒരു കക്ഷിയെ മാത്രം കടപ്പെട്ടുത്തുന്നതും, ഇങ്ങനെ രണ്ടുതരമുണ്ട്. ഈ ഉടമ്പടി രണ്ടു ഭാഗക്കാരെയും കടപ്പെട്ടുത്തുന്നതാണ്. കമ്മെലനായിക ചെയ്യുന്ന വാഗ്ദാനം 'നിത്യാഗ്നിയിൽ കിടന്നു കഷ്ടപ്പെടാതെ' ഇരിക്കാനായി മരണസമയത്തിൽ തന്റെ പ്രത്യേക സഹായം പ്രദാനംചെയ്യുമെന്നാണ്. മറുഭാഗത്തുനിന്നുള്ള ഉടമ്പടി, ഈ നാഥസ്സ്യോഗ്യമായ വണക്കം പ്രദർശിപ്പിച്ചുകൊള്ളാമെന്നും അപ്പിടത്തെ പുണ്യങ്ങളെ—മുഖ്യമായി ശുദ്ധത എന്ന പുണ്യത്തെ—അനുകരിച്ചുകൊള്ളാമെന്നും ഉള്ളതുതന്നെ. ആരെങ്കിലും ഈ കരാർ ലംഘനംചെയ്താൽ അവിടുന്നും ഈ ഉടമ്പടിയെ പിൻവലിച്ചേക്കുമെന്ന ന്യായപൂർവ്വം ഊഹിക്കാവുന്നതാണ്, എങ്കിലും അപ്പിടത്തെ കാരുണ്യാധിക്യംകൊണ്ട്, ഒരാൾ അധർമ്മജീവിതത്തെ നയിക്കുന്നവനായാലും, തന്റെ തിരുവസ്ത്രത്തെ ധരിച്ചുകൊണ്ടു നടക്കുന്നുവെങ്കിൽ അവന്റെ മനസ്സാന്തരത്തിനായി ഈ മാതാവു വേണ്ട ഒത്താശ ചെയ്യാതിരിക്കയില്ല എന്നു മുൻപറഞ്ഞ വാഗ്ദാനത്തെപ്പറ്റി വ്യാഖ്യാനിക്കുന്ന മഹാത്മാക്കൾ അഭിപ്രായപ്പെടുന്നു. അതിനാൽ പാപികൾ മനസ്സുതിരിയുന്നതിനും തൻമൂലംനിത്യഭാഗ്യം പ്രാപിക്കുന്നതിനും കർമ്മലോത്തരീയം ഒരു സിദ്ധൗഷധമാണ്. എന്നുവരികിലും 'ഇതു രക്ഷയുടെ അടയാളമാകുന്നു' എന്ന വാഗ്ദാനത്തിൽ ശരണംവച്ചുകൊണ്ടു മതിമറന്നു പ്രവർത്തിക്കുന്നതു സാഹസമായിരിക്കും.

നാം ഉത്തരീയത്തെ നമ്മുടെ മാവ്പിടത്തിൽ ആണല്ലൊ ധരിക്കുന്നതു്. മാവ്പശരീരത്തിന്റെ ഒരു പ്രധാന സ്ഥലമായിരിക്കുന്നതുകൊണ്ടു ഇതു പ. മാതാവിന്റെ രൂപത്തെ പ്രതിഷ്ഠിക്കുന്നതിനു തക്കതായ ഒരാസ്ഥാനം തന്നെ എന്നു പറയാം. എന്നാൽ ഇങ്ങനെ ഒരു സ്ഥലം കൊടുത്തുകൊണ്ടു മാത്രം തൃപ്തിപ്പെട്ടിരുന്നാൽ പോരാ. ഈ നാഥയെ മുഖ്യമായി നമ്മുടെ ഹൃദയത്തിലാണ് നാം വസിപ്പിക്കേണ്ടതു്. ഇങ്ങനെയുള്ള ഒരു വാസസ്ഥാനത്തെ കൊടുക്കുന്നതിന്റെ ബാഹ്യചിഹ്നമായിട്ടാണ് നാം ഉത്തരീയധാരണം ചെയ്യുന്നതു്. അതിനാൽ ന. സ്വർഗ്ഗീയരാജ്ഞിക്കു ഹൃദയവാസം അനുവദിക്കാതെ ബാഹ്യവാസം മാത്രം കൊടുക്കുന്ന ഒരാൾ തന്നെത്തന്നെയും മറ്റുള്ളവരെയും കബളിപ്പിക്കുന്നു എന്നാണ് പറയേണ്ടിയിരിക്കുന്നതു്. അതിനാൽ വഞ്ചനകൂടാതെ കഴിക്കുന്നതിനും ഈ നായികയ്ക്കു് ഇഷ്ടപ്പെട്ട ഒരു സ്ഥലം നമ്മുടെ ഹൃദയത്തിൽ ഉണ്ടാക്കുന്നതിനും, വിശേഷമായ ദേവാലയത്തിൽ കമനീയമായ പീഠത്തിൽ സ്വർഗ്ഗരാജ്ഞിയുടെ രൂപത്തെ സ്ഥാപിക്കുപതിവായിരിക്കുന്നതുപോലെ, അങ്ങേ പീഠമായ നമ്മുടെ ഹൃദയവും കമനീയമാക്കിത്തീർക്കാനാവശ്യമാണ്. ഇതിനു മുഖ്യമായി ചെയ്യേണ്ടതു്, ഓരോരുത്തനും അവനവന്റെ അന്തസ്സിനു തക്ക ചാരിത്രശുദ്ധിയെ കാത്തുകൊണ്ടു ഹൃദയമാലിന്യംകൂടാതെ ജീവിക്കുന്നതാകുന്നു. ഇങ്ങനെ ജീവിക്കയില്ലെങ്കിൽ 'കർത്താവെ! കർത്താവെ! എന്നു എന്നെ വിളിക്കുന്നവരെല്ലാവരും ആകാശരാജ്യത്തിൽ പ്രവേശിക്കയില്ല, പിന്നയൊ സ്വർഗ്ഗത്തിലിരിക്കുന്ന എന്റെ പിതാവിന്റെ ഇഷ്ടത്തെ നിവർത്തിക്കുന്നവൻ മാത്രമെ ആകാശരാജ്യത്തിൽ പ്രവേശിക്കയുള്ളൂ" എന്നു ഈശോമിശിഹാ അരുളിച്ചെയ്ത ഈ സാരമേറിയ വാക്യത്തെ ഇവർ ഓർമ്മിക്കേണ്ടതാണ്. പരിശുദ്ധ മറിയവും ഇപ്രകാരം തന്നെയാണു പറയുന്നതു്. എന്റെ നാമത്തെ വിളിക്കയും എന്റെ ഉത്തരീയത്തെ ധരിക്കയും ചെയ്യുന്നവരെല്ലാം നിശ്ചയമായി രക്ഷപ്രാപിക്കുമെന്നു വിചാരിക്കേണ്ട. എന്റെ ദിവ്യപുത്രന്റെ അഗ്രഹത്തിനനുരൂപമായി പ്രവർത്തിക്കുന്നവർ മാത്രമെ സ്വർഗ്ഗപുരകയുള്ളു. ഈ വാക്യത്തെ സ്ഥിരീകരിക്കുന്നതിനു ഒരു സംഭവും നമുക്കറിയപ്പെട്ടതായിട്ടുണ്ട്. കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞു തീർന്നുപോയപ്പോൾ എന്താണ് അവിടുന്നു അരുളിച്ചെയ്തതു്? "അവിടുന്നു (ഈശോ) പറയുന്നതെന്തെങ്കിലും നിങ്ങൾ ചെയ്യിൻ" ഇതാണ് മറിയത്തിന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ട വാക്യം. ഈ വാക്യ

ത്തിന്റെ സാരം നിങ്ങളുടെ ആഗ്രഹം സാധിക്കണമെങ്കിൽ, അതായത് നിങ്ങൾക്കു വീഞ്ഞു ലഭിക്കേണമെങ്കിൽ ഈശോ കല്പിച്ചരുളുന്നപോലെ നിങ്ങൾ പ്രവർത്തിക്കണം എന്നാണ്. നാം നിത്യഭാഗ്യത്തിനു ഓഹരിക്കാരാകണമെന്ന് നാം തന്നെ ആഗ്രഹിക്കുന്നതിലധികം പരിശുദ്ധ മറിയം ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ഈ ആഗ്രഹത്തോടു തീണ്ണതകൊണ്ടു തുല്യമായ മറ്റൊരാഗ്രഹവും അവിടത്തേയുണ്ട്. അതു നാമെല്ലാവരും അങ്ങേ ദിവ്യപുത്രന്റെ കല്പനകളെ അനുസരിച്ചു നടക്കണമെന്നാണ്.

ആകയാൽ ഉത്തരീയം ധരിച്ചാൽ ഏതുവിധേനയും രക്ഷപ്രാപിക്കും എന്നുള്ള അതിരു കടന്ന ശരണത്തോടുകൂടി അധർമ്മ ജീവിതത്തെ നയിക്കുന്നവരോടല്ല, ഈ സഭയുടെ നിബന്ധനകൾ ക്രൈസ്തവരീതിയിൽ ജീവിച്ചു മിശിഹായുടെ കല്പനകളെ ശരിയ്ക്കും നിറവേറ്റിക്കൊണ്ടു വരുന്നവരോടാണ്, കർമ്മല നായിക നിത്യരക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നതെന്ന് എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്.

Y. ചാക്കോ. B.

ദൈവവരപ്രസാദം.

ദൈവവരപ്രസാദം അത്ഭുതങ്ങളേക്കാൾ ഔന്നത്യമുള്ളതാണ്. അതു സ്വാഭാവിക നന്മകളെക്കാൾ ഉന്നതിയുള്ളതായിരിക്കുന്നു. അതു ദൈവത്തിന്റെ സകല അത്ഭുതപ്രവൃത്തികളേക്കാളും ഉയർന്നതാകുന്നു. നമ്മുടെ ദിവ്യരക്ഷകൻ തന്നിൽ വിശ്വസിക്കുന്നവർ താൻ ചെയ്യുന്നതിനേക്കാൾ വലുതായ അത്ഭുതങ്ങൾ ചെയ്യുമെന്നു അരുളിച്ചെയ്തിരിക്കുന്ന വാക്യത്തിൽനിന്നു ഇതു നമുക്കു മനസ്സിലാക്കാമെന്നു വി. അഗുസ്തീനോസു മല്പാൻ പഠിപ്പിക്കുന്നു. വി. പത്രോസ് അദ്ദേഹത്തിന്റെ നിഴൽകൊണ്ടു മാത്രം ദീനക്കാരെ സുഖപ്പെടുത്തിയിരുന്നു. ഇങ്ങനെ നമ്മുടെ രക്ഷകൻ ചെയ്തതായി നാം അറിയുന്നില്ല. ഇതു സംബന്ധിച്ചു വി. അഗുസ്തീനോസു് വീണ്ടും പറയുന്നതു് രക്ഷകൻ പറയുന്ന അത്ഭുതം നീതീകരണത്തിന്റെ പ്രവൃത്തിയുടെ അത്ഭുതത്തോടാണ് അധികം യോജിക്കുന്നതെന്നും നീതീകരണത്തിന്റെ പ്രവൃത്തി നമ്മോടും മറ്റുള്ളവരോടും നമുക്കു ചെയ്വാൻ പാടുള്ള ഒന്നാണെന്നും ആണ്. എന്തെന്നാൽ വരപ്രസാദത്തെ നമ്മിൽ വിളയിക്കുന്നതിനു നാം അപ്രാപ്തന്മാരായിരുന്നാലും അതിനായി നമ്മെ തന്നെ ഒരുക്കുന്നതിനും അതിനു നമ്മെ പാത്രവാന്മാരാക്കുന്നതിനും മറ്റുള്ളവരും അങ്ങിനെ ചെയ്യുന്നതിനു അവരെ ഉത്സാഹിപ്പിക്കുന്നതിനും, നമ്മാൽ പാടുള്ളതും ഇങ്ങനെ മിശിഹാ ചെയ്യുന്നതിനേക്കാൾ വലിയ അത്ഭുതങ്ങൾ ചെയ്യുന്നതിനു നമ്മാൽ സാധിക്കുന്നതുമാണ്. വരപ്രസാദത്തിന്റെ പ്രവൃത്തി അത്ഭുതങ്ങളുടെ പ്രവൃത്തിയേക്കാൾ മഹത്വമുള്ളതാണ്. ദൈവം അത്ഭുതങ്ങളെ ചെയ്യുന്നതു സാധാരണ ദൃശ്യവസ്തുക്കളിലാകുന്നു. ഒരുത്തനെ പെട്ടെന്നു സുഖപ്പെടുത്തുകയോ മരിച്ച ഒരുത്തനെ ഉയിർപ്പിക്കയോ ചെയ്യുമ്പോൾ ഇതു നമുക്കു കാണാവുന്നതാണ്. എന്നാൽ ആത്മാവിൽ വരപ്രസാദത്തിന്റെ ദാനം ദൈവം നൽകുമ്പോൾ അതിനെ പുതുതായി സൃഷ്ടിക്കയും പ്രകൃതിക്കുമേലായി അതിനെ ഉയർത്തുകയും പ്രകൃതിക്കു മേല്പട്ട ജീവന്റെ തത്വത്തെ അതിൽ നട്ടുകയും ഇങ്ങനെ അതിൽ താൻ പതിക്കുന്ന തന്റെ സ്വന്ത പ്രകൃതിയുടെ പ്രതിമയെ അതിൽ ഉണ്ടാക്കുകയും ചെയ്യുന്നു. ഇതിൽനിന്നു ദൈവ വല്ലഭത്തിന്റെ എല്ലാത്തിലും വലിയ പ്രവൃത്തി വരപ്രസാദത്തിന്റെ പ്രവൃത്തിയാണെന്നു നാം കാണുന്നു. അതു ലോകസൃഷ്ടിയുടെ പ്രവൃത്തിയേക്കാൾ വലിയതാകുന്നു. മിശിഹായുടെ ദൈവികജനനം എന്നതു യാതൊന്നും ദൈവരഹസ്യ പരിപൂർണ്ണമായതും ആയിരിക്കുന്നോ അതുപോലെ നമ്മുടെ ആത്മാവിൽ ദൈവ വരപ്രസാദം ചിന്തപ്പെടുന്നതു അതിസ്വാഭാവികമായ ഒരു മഹാരഹസ്യമാണ്. അത്ഭുതങ്ങളുടെ പ്രവൃത്തിയിൽ പരിശുദ്ധന്മാർ സ്വശക്തിയാൽ യാതൊന്നും പ്രവർത്തിച്ചില്ല. ദൈവം അവർമൂലം അത്ഭുതങ്ങൾ ചെ

യ്യുന്നതിനു അവർ ഒരു കരുവായിരുന്നതേയുള്ളു. എന്നാൽ വരപ്രസാദത്തിന്റെ പ്രവൃത്തിയിൽ നടക്കുന്നതു് ഇങ്ങിനെയല്ല. നമ്മിൽ വരപ്രസാദം ഉണ്ടാകുന്നതിനു ദൈവം തിരുമനസ്സായിരിക്കുന്നതു് അതിനായി നമ്മെതന്നെ ഒരുക്കി അതിനെ നാം പ്രാപിക്കണമെന്നും, അതു നമ്മിൽ നിലനിത്തി അതിനെ നാം വർദ്ധിപ്പിക്കണമെന്നും ആണ്.

ദൈവം നമ്മുടെ ആത്മാവിനെ തന്റെ മണവാട്ടിയായി സ്വീകരിക്കുകയും ദൈവത്തിൽനിന്നു ലഭിച്ച ശക്തിയാലെ അതിൽ (ആത്മാവിൽ) ദൈവചരായ ഉണ്ടാക്കുകയും തൻമൂലം അതു ദൈവത്തിന്റെ കുട്ടി ആയി തിരുകയും ചെയ്യുന്നതു എത്ര മഹാ അത്ഭുതകരമായ പ്രവൃത്തിയാണു? സത്യോപദേശംമൂലവും ക്രമാശകൾവഴിയായും ദൈവ വരപ്രസാദം മനുഷ്യക്കു പ്രദാനം ചെയ്യുന്നതിനായി ദൈവം തന്റെ തിരുസഭക്കു നൽകിയിരിക്കുന്ന അത്ഭുതകരമായ ശക്തി എത്ര മഹത്തരമായതാണെന്നു നോക്കി കാണുവിൻ. പാപങ്ങളിന്മേലുള്ള നേരായ മനസ്താപംമൂലം പാപവഴി ഉപേക്ഷിച്ചു ഒരു നല്ല ജീവിതം കഴിക്കുന്നതു എത്ര വലിയ പ്രവൃത്തിയാണെന്നു മനുഷ്യർ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു. മരിച്ച ഒരുവനെ ഉയിർപ്പിക്കയൊ ഇല്ലായ്മയിൽനിന്നു ഒരു മനുഷ്യനെ സൃഷ്ടിക്കയൊ ചെയ്യുന്നതിനെക്കാൾ ഇതു സാക്ഷാൽ വലിയ പ്രവൃത്തിയാണു്. മരിച്ചുപോയ നിന്റെ സഹോദരനെ പൂർണ്ണമായ മനസ്താപത്താൽ ഉയിർപ്പിക്കാനുള്ള വരം നിനക്കു കിട്ടുമെന്നായിരുന്നാൽ അവനെ നീ ഉയിർപ്പിക്കാതിരിക്കുമോ? ഇല്ലല്ലോ. ഇതുപോലെ പൂർണ്ണമനസ്താപത്തിന്റെ ഒരു പ്രകരണത്താൽ ആത്മമരണത്തിൽനിന്നു അതായതു നിത്യമരണത്തിൽനിന്നു നിത്യഭാഗ്യത്തിലേക്കു നിന്നെ ഉയിർപ്പിക്കാൻ നിനക്കു പാടുണ്ടെന്നു നീ ഓർത്തുകൊൾക. ഒരു ശവത്തെ ഉയിർപ്പിക്കുന്നതിനേക്കാൾ ആത്മികമായി മരണം പ്രാപിച്ചഒരാത്മാവിനെ ഉയിർപ്പിക്കുന്നതു് വലിയ പ്രവൃത്തിയാണെന്നു വി. ക്രീസോസ്തോമോസ് പഠിപ്പിക്കുന്നു. ശരീരായുസ്സിനുവേണ്ടി അത്ഭുതങ്ങളെ അപേക്ഷിക്കുന്നു നാം ആത്മാവിനുവേണ്ടിയുള്ള അത്ഭുതങ്ങൾക്കായി ഒന്നും പ്രവർത്തിക്കാതിരിക്കുന്നതു എത്ര ശോചനീയമാണു്! നഷ്ടപ്പെട്ടുപോയ ദൈവവരപ്രസാദത്തെ പ്രാപിച്ചുതരുവാൻ പൂർണ്ണമനസ്താപത്തിനു ശക്തിയുണ്ടായിരിക്കുന്നു. ഈ ശക്തിയേപോലെതന്നെ വരപ്രസാദസ്ഥിതിയിൽ ചെയ്യപ്പെട്ടന്ന എല്ലാ നന്മപ്രവൃത്തികൾക്കുടിയും വലുതും അത്ഭുതകരവുമായ ഒരു ശക്തിയുണ്ടായിരിക്കുന്നു. ഈ ശക്തിനിമിത്തം നാം ചെയ്യുന്ന എല്ലാ നന്മപ്രവൃത്തികളും വഴിയായി വരപ്രസാദത്തിന്റെ ഓരോ പദവി നാം സമ്പാദിക്കുയും തൻമൂലം പ്രകൃതിക്കു മേലായി ദൈവത്തോടു നാം ഏറ്റം അടുക്കുകയും ഈ പദവികൾ ഒക്കെയും ആകാശത്തിലേക്കു ചവുട്ടി കയറുന്നതിനുള്ള പടികൾ ആയിത്തീരുകയും ചെയ്യുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള വരം നമുക്കു ലഭിച്ചിരുന്നെങ്കിൽ അതിനെ എത്ര ഉത്സാഹത്തോടെ നാം ഉപയോഗിക്കുയും അതു എത്ര ബഹുമാനകരവും ആദായകരവുമായി നാം കരുതുകയും ചെയ്യുമായിരുന്നു. ഓരോ നന്മപ്രവൃത്തികൾ മൂലം നമുക്കു തരപ്പെടുന്ന വരപ്രസാദത്തിന്റെ വർദ്ധനവും മോക്ഷഭാഗ്യത്തിന്റെ മഹത്വവും നാം കണ്ടിരുന്നെങ്കിൽ ഒരു ക്ഷണനേരവും വൃഥാ കളയാതെ ദൈവത്തെ സ്തുതിക്കുന്നതിനും ആരാധിക്കുന്നതിനും ദൈവത്തോടു പ്രാർത്ഥിക്കുന്നതിനും നാം ചെലവഴിക്കുമായിരുന്നു എന്നുമാത്രമല്ല, ദൈവത്തെക്കുറിച്ചു പാടുപെടുന്നു ശ്ലീഹന്മാരെപോലെ ഒരു ഭാഗ്യമായി നാം കരുതുകയും ചെയ്യുമായിരുന്നു. വിശ്വാസത്തിന്റെയും ഉപമിയുടെയും അരുപിയിൽ നമ്മുടെ പ്രവൃത്തികൾ നാം ചെയ്യുമെങ്കിൽ ആ ഓരോ പ്രവൃത്തിയാൽ വരപ്രസാദത്തിന്റെ വലുതായ ഓരോ പദവി നമുക്കു സമ്പാദിക്കാവുന്നതും അതു പ്രകൃതിയിലുള്ള വസ്തുക്കളേക്കാൾ വിശേഷിക്കപ്പെട്ടതും അത്ഭുതങ്ങളേക്കാൾ വലിയതും ആയിരിക്കുന്നതുമാണ്. വരപ്രസാദം നൽകപ്പെട്ടന്നതുതന്നെ എല്ലായിലും വലിയ അത്ഭുതവും സകല അത്ഭുതങ്ങളേക്കാൾ ഉയർന്നതും ആണ്. അതു നമുക്കു ആശ്ചര്യത്തെ ജനിപ്പിക്കാത്തതു്

നമ്മുടെ കണ്ണാൽ കാണ്മാൻ പാടില്ലാത്തതുകൊണ്ടും മറ്റു അത്ഭുതങ്ങളേപ്പോലെ ആകാതെ ക്രൂശ്ശുടെ നൽകപ്പെട്ടതുകൊണ്ടും ആണ്. അതു നമുക്കു കാണ്മാൻ പാടില്ലാത്തതു അതിന്റെ പ്രവൃത്തി ആത്മാവിൽ മാത്രം ഉണ്ടാകുന്നതുകൊണ്ടും, അതിനാൽ നാം ആരോടു യോജിക്കപ്പെട്ടുന്നുവോ ആ ദൈവത്തെ നമുക്കു കാണ്മാൻ പാടില്ലാത്തതുകൊണ്ടും ആണ്. നമ്മുടെ കണ്ണുകൊണ്ടു ദൈവത്തെ നമുക്കു കാണ്മാൻ പാടുണ്ടെങ്കിൽ ദൈവം അളവില്ലാത്ത വിധത്തിൽ വലിയവൻ ആയിരിക്കാൻ വഹിയാത്തതുപോലെ, വരപ്രസാദത്തെ നമുക്കു കാണ്മാൻ പാടുണ്ടായിരുന്നെങ്കിൽ അതും വലിയതും അത്ഭുതകരവും ആയിരിക്കാൻപാടില്ലാത്തതായിരിക്കുന്നതാണ്. ദൈവവരപ്രസാദം നമ്മുടെ സാധാരണ പ്രവൃത്തികളാലും ക്രൂശ്ശുടെയും സമ്പാദിക്കാൻതക്ക സ്ഥിതിയിൽ ദൈവം നമ്മെ വെച്ചിരിക്കുന്നതിൽ നിന്നു ദൈവത്തിന്റെ അതിരറ്റ സ്നേഹവും വല്ലഭവും പ്രത്യക്ഷപ്പെട്ടുന്നു. ഇതിനാൽ ഏറ്റവും അധികമായി ദൈവത്തെ സ്നേഹിക്കയാണ് വേണ്ടതു. എന്തെന്നാൽ മറ്റു അത്ഭുതങ്ങളെപ്പോലെ അതു അവഗുണമായി ചെയ്യാതെ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതു ദൈവത്തിന്റെ അനന്തമായ സ്നേഹം നിമിത്തമാണ്.

ഃ ൧൪൩ . ൨ . ൮

അഞ്ചുവിനാഴികപ്രസംഗം.

ദശവിധി— ൨-ാം പ്രമാണം.

നീ വിശ്രമവാരത്തെ ശുദ്ധമായി ആചരിപ്പാൻ ഓർത്തുകൊൾക. — ദശവിധിയിലെ പ്രമാണം കർത്താവിന്റെ ദിവസം എന്നു വിളിക്കപ്പെട്ടുന്ന ഞായറാഴ്ചയെ ശുദ്ധമായി ആചരിപ്പാൻ നമ്മോടു കല്പിക്കുന്നു. ഈ ശുദ്ധാചരണത്തിൽ, അടിമവേലയിൽനിന്നു ഒഴിക, ദൈവാരാധന നടത്തുക എന്ന രണ്ടു സംഗതികൾ അന്തർഭവിച്ചിരിക്കുന്നുണ്ട്. സ്വഭാവപ്രമാണം, ദൈവാരാധനയ്ക്കു ഇന്ന ദിവസം വേണം എന്നു നിശ്ചയിക്കുന്നില്ല. എങ്കിലും കാലെ കാലെ ചില ദിവസം ഇതിന്നായി പ്രതിഷ്ഠിക്കണം എന്നു കല്പിക്കുന്നു. എന്നാൽ മൂശയുടെ പ്രമാണം ശനിയാഴ്ചയേയും, ക്രൈസ്തവ ദശവിധി ആഴ്ചയിൽ ഒന്നാം ദിവസമായ ഞായറാഴ്ചയേയും ദൈവാരാധനയ്ക്കായി നിർദ്ദേശിച്ചു. മൂശയുടെ പ്രമാണം ശനിയാഴ്ചയെ നിശ്ചയിച്ചതു ൧. ദൈവം ആറു ദിവസത്തെ വേലയുടെശേഷം, നമുക്കു മാതൃക തരുവാനായി വിശ്രമിച്ചതിന്റെ ഓർമ്മക്കായും, ൨. മെസ്രേനിലെ അടിമത്വത്തിൽനിന്നു ഇസ്രായേൽ ജനത്തെ അങ്ങുന്നു രക്ഷിച്ചതിൽ കാണിച്ച വിശേഷകൃപയുടെ സ്മരണയ്ക്കായും ആയിരുന്നു. (ആവർത്ത. ൫ അ. ൧൫). ശ്ലീഹന്മാർ, ന. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന്റെയും പൗഹാദക്കുദശായുടെ അവരോഹണത്തിന്റെയും രഹസ്യങ്ങളുടെ ഓർമ്മയെ ശാശ്വതമാക്കുവാനായി, ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ചയെ സ്ഥാപിച്ചു. ആദ്യസൃഷ്ടിയിലും രക്ഷയിലും ഏറ്റവും ഉപരിയായ അദ്ധ്യാത്മികസൃഷ്ടിയേയും രക്ഷയേയും സൂചിപ്പിക്കുന്ന പ്രസ്തുത രഹസ്യങ്ങൾ ആഴ്ചയുടെ ഏഴാംദിവസമായ ശനിയാഴ്ചയല്ല, ആദ്യദിവസമായഞായറാഴ്ചയാണ് നിവർത്തിക്കപ്പെട്ടതു. ന. രക്ഷിതാവുതന്നെ, തുടച്ചയായി രണ്ടുപ്രാവശ്യം ഞായറാഴ്ചദിവസം ഊട്ടുശാലയിൽ ശ്ലീഹന്മാരുടെ മദ്ധ്യേ പ്രത്യക്ഷനായിക്കൊണ്ടു ഈ ദിവസത്തെ ശുദ്ധീകരിച്ചു എന്നു പറയണം. ഇതിനാൽ ശ്ലീഹന്മാർ ന്യായമായി ഈ ദിവസത്തിനു കർത്താവിന്റെ ദിവസം എന്നർത്ഥമുള്ള യൗമാ മാറാനായാ എന്നു നാമകരണംചെയ്തുകൊണ്ടു, ഇതിനെ വിശുദ്ധമായി ആചരിപ്പാൻ വിശ്വാസികളോടു ആജ്ഞാപിച്ചു. ആഴ്ചയിൽ ആറുദിവസങ്ങൾ നമ്മുടെ ജഡസംബന്ധമായ ആവശ്യങ്ങൾക്കായി ഉണ്ടായിരിക്കയിൽ, ഒരു ദിവസം മാത്രം ആത്മകാര്യങ്ങൾക്കായും ദൈവാരാധനക്കായും സമർപ്പിക്കുന്നതു ഏറ്റവും ന്യായവും യുക്തവുമാകുന്നു. വിശേഷിച്ചു, ഞായറാഴ്ചയുടെ വിശുദ്ധീകരണം നമ്മുടെ വിശ്വാസത്തിന്റെ പ്രസിദ്ധ സ്വീ

കരണവും, നമ്മുടെ അദ്ധ്യാത്മിക ജീവനു ആവശ്യമായ ആഹാരവും ആകുന്നു. ആകയാൽ പ്രിയ സഹോദരന്മാരെ, ക്രിസ്തീയകടമ അനുസരിച്ചു, കർത്താവിന്റെ ദിവസത്തെ നാം ശുദ്ധമായി ആചരിക്ക. വേലയെടുത്തുകൊണ്ടും, ഈ വിശുദ്ധ ദിവസത്തിൽ അയോഗ്യങ്ങളായ പാപങ്ങളെ ചെയ്തുകൊണ്ടും വിശ്രമനാളിനെ അശുചീകരിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കോപം ഉണ്ടാകും എന്നോർത്തുകൊൾക. അവർ എന്റെ വിശ്രമവാരത്തെ ഘനമായി ലംഘിച്ചു. ആകയാൽ എന്റെ കോപത്തെ അവരുടെ മേൽ ചിന്തുവാൻ ഞാൻ നിശ്ചയിച്ചു; എന്ന ദൈവവചനങ്ങളെ നിങ്ങൾ വിസ്മരിച്ചുകളയരുതു്. (ഏസക്കി. ൨൦ അ. ഫമ വ.)

ഞായറാഴ്ചയെ ശുദ്ധീകരിക്കുന്നതിനു വേലകളിൽനിന്നു ഒഴിയണം എന്നു പറഞ്ഞുവല്ലൊ. എന്തെന്നാൽ ഈ ദൈവം നമ്മോടു ആവശ്യപ്പെടുന്ന ദൈവാരാധനക്കു വിഘ്നമാകുന്നതുകൂടാതെ ഇടവിടാതെ വേലചെയ്താൽ ഈ മനുഷ്യന്റെ ശരീരസ്വസ്ഥതക്കു ദോഷകരവുമാകുന്നു. ആകയാൽ, ആത്മാവിന്റെയും ശരീരത്തിന്റെയും ഗുണത്തിനായി ദൈവം ഒരു വിശുദ്ധ വിശ്രമത്തെ നിശ്ചയിച്ചിരിക്കുന്നു. ദൈവം വിരോധിച്ചിരിക്കുന്ന വേല, സ്വതന്ത്ര വേല എന്നും, സാമാന്യവേല എന്നു പറയപ്പെടുന്നവേലയല്ല, അടിമവേല അത്രെയാകുന്നു. (ഫ) അടിമവേല എന്നതു, മുഖ്യമായി ശരീരംകൊണ്ടും ശരീരത്തിന്നായും ചെയ്യപ്പെടുന്ന വേലയാകുന്നു. യന്ത്രവേല, ശില്പവേല, വ്യാപാരം, കൃഷി, സൂചിപ്പണി ആദിയായ ഉപകരണങ്ങൾകൊണ്ടുള്ള വേല ഇത്യാദികൾ പ്രതിഫലത്തിന്നായിട്ടല്ലെങ്കിലും വിരോധിക്കപ്പെട്ടവകളാകുന്നു. വേലയെടുക്കുന്നവർ മാത്രമല്ല, തങ്ങളുടെ ദാസന്മാരോടും ദാസികളോടും വേല എടുപ്പാൻ ആവശ്യപ്പെടുന്നവരും, വേലചെയ്വാൻ തങ്ങളുടെ അധികാരത്തിൽ ഇരിക്കുന്നവക്കു അനുവദിക്കുന്നവരും കുറ്റക്കാരാകുന്നു. ഇവർ തങ്ങൾ വേല ചെയ്താലെന്നപോലെ കുറ്റക്കാരാകുന്നു. വിശേഷിച്ചു, ഇവർ വേലയെടുപ്പാൻ അരെ നിർബ്ബന്ധിക്കുന്നവോ അവരുടെ പാപങ്ങൾക്കും അവർമൂലം ഉണ്ടാകുന്ന ഇടർച്ചയെന്നദോഷത്തിനും ഭാഗഭോക്തൃകൾ ആകുന്നു. ക്രൂരതെയും, കച്ചേരിനടപടികൾ, പ്രസിദ്ധവില്പന, ഇത്യാദികളേയും പള്ളിവിരോധിച്ചിരിക്കുന്നു. സാമാന്യവേല എന്നു പറഞ്ഞതു പ്രതിദിന ആവശ്യങ്ങളെയും ഗൃഹകൃത്യങ്ങളെയും സംബന്ധിച്ച വേലകളാകുന്നു. ഇവകളും കുമ്പസാനക്കു തടവില്ലാത്ത പക്ഷം യാത്രകളും വിലക്കപ്പെട്ടിട്ടില്ല. ഇപ്രകാരംതന്നെ സ്വാതന്ത്ര്യവിദ്യകളെ സംബന്ധിക്കുന്നതായി വായന, എഴുത്തു, ചിത്രമെഴുത്തു ആദിയായി ശരീരവ്യായാമത്തേക്കാൾ മനസിന്റെ ഉദ്യമം അധികം ആവശ്യപ്പെടുന്ന സ്വാതന്ത്ര്യവേലകളും അനുവദിക്കപ്പെട്ടവകളാകുന്നു. ഞായറാഴ്ചയുടെ വിശ്രമം പാതിരാമുതൽ അടുത്ത പാതിരാവരെയാണു കല്പിക്കപ്പെട്ടിരിക്കുന്നതു്. ആകയാൽ അനുവാദമില്ലാതെ ശനിയാഴ്ച പാതിരാകഴിഞ്ഞും ഞായറാഴ്ച പാതിരാത്രിക്കുമുമ്പും വേലചെയ്യുന്നതു വിലക്കപ്പെട്ടതാകുന്നു. ആകയാൽ ഗൌരവമായ കാരണംകൂടാതെ മൂന്നുനാലു മണിക്കൂറുകളോളം വേലചെയ്യുന്നവർ ഘനമായി പിഴെക്കുന്നു. എന്നാലും വേലയെ ധർമ്മനുസരണമാക്കുന്ന ചില കാരണങ്ങൾ ഉണ്ടു്. ക. തീപിടിത്തം വെള്ളപ്പൊക്കം ആദിയായുള്ള ആവശ്യം, ഖ. പ്രതിക്രിയങ്ങളായ കാലഭേദങ്ങൾ നിമിത്തംവിളവെടുക്കുന്നതിനു കൊടുക്കപ്പെട്ടുന്ന അനുവാദം.

പ്രിയ സഹോദരന്മാരെ, നിങ്ങളുടെ ലൌകിക കാര്യങ്ങളിൽ കൂടെയും നിങ്ങൾക്കു ദൈവാനുഗ്രഹം വേണമെങ്കിൽ, വിശ്വസ്തരായോടെ വിശ്രമദിവസങ്ങളെ ആചരിപ്പിൻ. ദരിദ്രനാവാനുള്ള ഏറ്റവും നിശ്ചയമായ രണ്ടുമാർഗ്ഗങ്ങൾ ഒന്നു മോഷ്ടിക്കുന്നതും, മറ്റൊന്നു കടമുള്ള ദിവസങ്ങളിൽ വേലചെയ്യുന്നതും ആകുന്നു എന്നു ഒരു മഹാത്മാവു പറഞ്ഞിരിക്കുന്നു. വിശ്രമവാരത്തിന്റെ ആചാരത്തെപ്പോലെ ദൈവം ഇത്ര പ്രബലമായി നിർബ്ബന്ധിക്കുന്ന വേറെ കല്പനയില്ല.

വാക്കാൽ മാത്രമല്ല, കഠിനശിക്ഷയിൽ കൂടെയും അങ്ങനെ ഇതിനെ ദൃഢീകരിക്കയും ഉറപ്പിക്കയും ചെയ്തിരിക്കുന്നു. ദൈവം ഈ പ്രമാണത്തിൽ ഇത്ര പ്രാബല്യം വച്ചിരിക്കുന്നതിന്റെ കാരണം, ഈ പ്രമാണം അനുസരിക്കപ്പെട്ടപ്പോൾ മറ്റെല്ലാ പ്രമാണങ്ങളും അനുസരിക്കപ്പെടുന്നതുകൊണ്ടാകുന്നു.

ץבדב .ב .ם

അതിരുകടന്ന ഒരു ഭ്രമം.

മനുഷ്യസ്വഭാവം തിന്മയ്ക്കു അനുകൂലമായി നില്ക്കുന്നതു് അതിനു സഹജമായിട്ടുള്ളതാണ്. അതിനാൽ ദുഷ്കൃത്യങ്ങളെ ചെയ്യുന്ന ഒരു മനുഷ്യനെക്കുറിച്ചു് അത്ഭുതപ്പെടുവാനില്ല. എങ്കിലും ആദ്ധ്യാത്മകാര്യങ്ങളെ മുൻനിറ്ത്തി പ്രവൃത്തിക്കാമെന്നു് മാമ്മോദീസായിൽ വാഗ്ദാനം ചെയ്തിരിക്കയും, ഈ വാഗ്ദാനത്തെ ലംഘിക്കാതിരിക്കുന്നതിനു് ആവശ്യമായ വരപ്രസാദങ്ങളെ ദൈവത്തിൽനിന്നു കൈക്കൊണ്ടിരിയും ചെയ്യുന്ന ഒരു കത്തോലിക്കനിൽ ഏതെങ്കിലും തെറ്റു കാണപ്പെടുന്നതു വളരെ കഷ്ടംതന്നെ. നന്മപരത്തിയും തിന്മതിരുത്തിയും ജീവിക്കുന്നതാണല്ലൊ മനുഷ്യധർമ്മം. ഒരു കത്തോലിക്കനാകട്ടെ ഈ ധർമ്മത്തിനു് പ്രത്യേകം മുതലപ്പെട്ടവനാകുന്നു. ആകയാൽ ഒരു കത്തോലിക്കൻ ദുഷ്കൃർമ്മം ചെയ്യാൻ തുടങ്ങിയാൽ അതു, ഒരുവിധത്തിൽ പറഞ്ഞാൽ, വേലി വിളവുതിന്നുന്നമട്ടിലായിത്തീരും. ഒരു അവതാരികയുടെ നിലയിൽ ഇത്രയും പറയാനിടയായതു് ഇപ്പോൾ കത്തോലിക്കരുടെ ഇടയിൽ ധനസമ്പാദനത്തിനുള്ള അന്യായമാർഗ്ഗങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചു വരുന്നു എന്നുള്ളതിനാലാണ്.

'മാനം വിറ്റും പണം തേടികൊണ്ടാൽ; മാനക്കേടും പണം തീത്തുകൊള്ളും' എന്നൊരു മുക്കുടിയൻ ജല്പിച്ചതായി കേട്ടിട്ടുണ്ട്. ശാസ്ത്രജ്ഞന്മാരുടെ സാരോപദേശങ്ങളെക്കാൾ കൂടുതൽ പ്രാമാണ്യം ഇതിനു കല്പിക്കുന്നവരുടെ സംഖ്യ ഇപ്പോൾ ഒട്ടും കുറവല്ല എന്നുള്ളതിനു കവർച്ച, കള്ളയാധാര നിർമ്മാണം മുതലായ പണം ഇടപെട്ട കേസുകൾ കോടതികളിൽ മേക്കുമേൽ വർദ്ധിച്ചു വരുന്ന എന്നസംഗതി ഒരുത്തമ സാക്ഷിയാണ്. ആകയാൽ പരദ്രവ്യത്തെ അന്യായമായി സാധീനമാക്കുന്നവരുടെയും, കൈവശമുള്ള മുതലിനെ തന്നെ സ്വന്ത ആവശ്യങ്ങൾക്കുപോലും ചെലവിടാത്ത ലുബ്ധന്മാരുടെയും പരിതാപകരമായ സ്ഥിതിയെപ്പറ്റി ഇവടെ അല്പം വിവരിക്കാം. ക്രമംവിട്ടുള്ള ദ്രവ്യാശയുടെ ദോഷലക്ഷണങ്ങൾ മുഖ്യമായി മൂന്നാകുന്നു. ക–ാമതു അതിന്റെ ഹീനത്വം; ഖ–ാമതു അതു വരുത്തിക്കൂട്ടുന്ന ആപത്തു്; ന–ാമതു അതിന്റെ ഭോഷത്വം.

ക ഹീനത്വം: തലപ്പെട്ടദോഷങ്ങളിൽ രണ്ടാമത്തേതായ ക്രമം കടന്ന ദ്രവ്യാഗ്രഹം എന്ന ഈ തിന്മയെ വിഗ്രഹാരാധന എന്നാണു പൌലോസ്ശ്ലീഹാ വിവരിക്കുന്നതു്. കാരണം വിഗ്രഹാരാധനക്കാരൻ ബിംബത്തെ ആരാധിക്കുന്നതുപോലെ ദ്രവ്യാഗ്രഹികൾ പണത്തെ ആരാധിക്കുന്നു. ''പണത്തെ സ്നേഹിക്കുന്നതിനേക്കാൾ വലിയ തിന്മയില്ല, എന്തുകാണ്ടെന്നാൽ ഇപ്രകാരമുള്ളവൻ സ്വന്തആത്മാവിനെതന്നെ വിലപറയുന്നു'' എന്നു വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. (എക്ലേസ. ൧൦. ൧൦.) ഈ വാക്യത്തെ സ്ഥിരീകരിക്കുമാറ് പലരും സ്വന്തമനസ്സാക്ഷിയെ ബലി കഴിച്ചുകൊണ്ടു് മടിശ്ശീലനിറക്കുന്നുണ്ട്. ഇങ്ങനെ ചെയ്യുന്നവർ ആട്ടു, കോഴി, മുതലായവയെ വെട്ടി കുരുതികഴിക്കുന്ന ഹിന്തുക്കളെ ആക്ഷേപിക്കുന്നവരാണെന്നുള്ളതാണ് അത്യാശ്ചര്യം. ദ്രവ്യാശമൂഴുത്തു മൂഢന്യത്തെ പ്രാപിക്കുമ്പോൾ കൊലപാതകംക്രൂടി ഒരു നിസ്സാരപ്രവൃത്തിയായി ഇവക്കു തോന്നുന്നു. ഇപ്രകാരമുള്ളവർ ജീവിക്കാൻ വേണ്ടി പണം സമ്പാദിക്കുന്നു എന്നു പറയുന്നതിനേക്കാൾ പണം സമ്പാദിക്കാൻ വേണ്ടി ജീവിക്കുന്നു എന്നു പറയുന്നതു കുറെക്കൂടി വാസ്തവമായിരിക്കും. പണം ഔദാര്യശീലന്മാക്കു് ആധീനമായിരിക്കുന്നു. ഇവരാകട്ടെ പണത്തിനു ആധീന

ന്മാരും അടിമകളുമായിതീരുന്നു. പാപികൾക്കു സാധാരണമായി മനസ്സാക്ഷിക്കടി എന്ന ഒരു ഭാരമേ വിഹിക്കേണ്ടതുള്ളു. ഇവക്കാകട്ടെ ഇതിനുംപുറമെ, തങ്ങളുടെ മുതലിനു് വല്ലനഷ്ടവും നേരിട്ടേക്കുമോഎന്നുള്ള മിതമറ്റ ആകുലചിന്തയും അതിൽനിന്നുളവാകുന്ന ശരീരരോഗങ്ങളും എന്നരണ്ടു ചുമടുകൾ കൂടെയുണ്ടു്. ഇവരുടെ ഹീനതപം എത്രത്തോളമുണ്ടെന്നു് സകലസമ്പത്തുകളുടേയും കർത്താവായ മ്ശിഹായെ നമ്മ വെള്ളിക്കാശിനു വിറ്റയൂദായുടെ പ്രവൃത്തി നല്ലതിൻവണ്ണം കാട്ടിത്തരുന്നുണ്ടു്.

൨. ആവശ്യം: ഒരു സമ്പന്നൻ രക്ഷപ്രാപിക്കുന്നതിനെക്കാൾ സൂചിക്കുഴകളിൽക്കൂടി ഒരൊട്ടകം കടക്കുന്നതാണു് അധികം എളുപ്പമെന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നു. ഈ വാക്യത്തിൽനിന്നു സമ്പന്നന്മാരൊരുത്തരും രക്ഷപ്രാപിക്കുന്നില്ലാ എന്നു വരുന്നില്ലെങ്കിലും, ഒരു സമ്പന്നനു പണസംബന്ധമായ അവന്റെ കടമകളെ ശരിയായി നിർവ്വഹിക്കുന്നതു് എത്ര പ്രയാസമുള്ളതാണെന്നു നന്നായി തെളിയുന്നുണ്ടു്. ഇതിനാലാണു് വിശുദ്ധ ക്രിസോസ്റ്റോമോസ് മല്പാൻ "മിതമറ്റ ദ്രവ്യാഗ്രഹം എല്ലാ അക്രമങ്ങളുടേയും കാരണമാണെന്നും, ഇങ്ങനെയുള്ള ആഗ്രഹത്തോടുകൂടിയവൻ സകല മനുഷ്യരുടെയും ശത്രു ആണെന്നും" പറയുന്നതു്. പൌലോസു ശ്ലീഹായും സമ്പത്തിൽ നിന്നുളവാകുന്ന അപകടത്തെ ഇപ്രകാരം വിവരിക്കുന്നു. "സമ്പന്നന്മാർ പരീക്ഷക്കും പിശാചിന്റെ തന്ത്രങ്ങൾക്കും, മനുഷ്യരെ നാശത്തിലേക്കും നിത്യദുരിതത്തിലേക്കും ആകർഷിക്കുന്ന ഒട്ടേറെ വ്യർത്ഥമായതും ഉപദ്രവകരമായതുമായ ആഗ്രഹങ്ങൾക്കും കീഴ്പെട്ടവരാകുന്നു. കാരണം, അതിരുകടന്ന ദ്രവ്യാശ സകലതിന്മകളുടെയും മൂലമാകുന്നു. ഇതിനെ ചിലർ ആഗ്രഹിച്ചുകൊണ്ടു് വിശ്വാസത്തിൽനിന്നു തെറ്റിപ്പോകയും വളരെ മനഃക്ലേശങ്ങളിൽ തങ്ങളെത്തന്നെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്." ഈ വാക്യത്തെ സ്ഥിരീകരിക്കുന്നതിനു വേദപുസ്തകത്തിൽ നിന്നുതന്നെ ഇവിടെ ഒന്നരണ്ടു സംഭവങ്ങൾ എടുത്തു കാണിക്കാം. യൂദാസ്സ്കറിയോത്ത തുങ്ങിമരിക്കാനിടയായതു അവന്റെ അതിരുകടന്ന ദ്രവ്യാശമൂലമല്ലയൊ? അനനിയായും അയാളുടെ ഭാര്യയായ ശപ്പീറായും വി: പത്രോസു ശ്ലീഹായുടെ മുമ്പിൽ പെട്ടെന്നു ചത്തുവീഴുവാൻ എതായിരുന്ന കാരണം? ഈ വിധ ശിക്ഷയൊ അതിനു സമമായ മറ്റെതെങ്കിലും നാശമൊ നേരിടാതിരിക്കേണ്ടതിനായി ഇപ്രകാരമുള്ളവർ ശ്രമിക്കട്ടെ എന്ന മാത്രമെ തല്ക്കാലം പറയുന്നുള്ളു.

൩. ഭോഷത്വം: "ഓ! മൂഢാ? ഈ രാത്രി നിന്നിൽനിന്നു് നിന്റെ ആത്മാവിനെ അവർ ആവശ്യപ്പെടുന്ന എങ്കിൽ നീ സമ്പാദിച്ച വസ്തുക്കൾ ആരുടേതായിതീരും? (ലൂക്കാ. ൧൨. ൨൦.) എന്നു കർത്താവു് ചോദിക്കുന്നു. ആയുഷ്കാലം മുഴവൻ നീ സമ്പാദിച്ചുവെച്ച ദ്രവ്യമെല്ലാം മദ്യപാനം, ചൂതുകളി മുതലായ ദുർവ്വൃത്തികൾക്കായി പൊടിപാറിക്കുന്ന നിന്റെ അവകാശിയായ ദുർവ്യയക്കാരന്റെതായിതീരും എന്നുള്ള ഒരുത്തരത്തെ ഉദ്ദേശിച്ചുകൊണ്ടല്ലയൊ ന. കർത്താവു് ഈ ചോദ്യം ചോദിച്ചതെന്നു് ഊഹിപ്പാൻ കാരണമുണ്ടു്. ഇങ്ങനെ എങ്കിൽ നിന്നെക്കാൾ ഭോഷൻ മറ്റാരാണുള്ളതു്? തുരുമ്പുനിന്നും, പുഴുകുത്തിയും, കള്ളൻ കവർന്നും നശിച്ചുപോകുന്ന കുറെ ദ്രവ്യത്തിനായി ക്ഷയമില്ലാത്തും സകല സന്തോഷസംപൂർണ്ണവുമായ മോക്ഷഭാഗ്യത്തെ തൃജിച്ചുകളയാമെന്ന വിചാരിക്കുന്നതിൽ അധികമായ മൂഢത്വം മറ്റൊന്നുമില്ല. ഏതുവിധേനയും കുറെ പണം സമ്പാദിച്ചാൽ മാന്യത പ്രാപിച്ചു എന്നാണു് ചിലരുടെ ഭാവം. മാന്യത സമ്പാദ്യം നിമ്നയ്യലല്ലാതെ പണസമ്പാദനത്തിലല്ല സ്ഥിതിചെയ്യുന്നതു എന്നു ഗ്രഹിക്കാത്തതു് ഇവരുടെ ബുദ്ധിശൂന്യമായ മറ്റൊരു പ്രവൃത്തിയാണു്. സകലതിന്മകളും പ്രായാധിക്യത്തോടുകൂടെ ക്ഷയിച്ചുവരുന്നു എന്നാൽ ഇതു പ്രായം ചെല്ലുന്തോറും വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. അതിനാൽ ഇതു സ്വഭാവം വിട്ടുമാറുന്ന ഒരു വ്യാധിയുമല്ല.

ആകയാൽ ഈ തിന്മയിൽനിന്നു മോചനം പ്രാപിക്കുന്നതിനുള്ള നിവൃത്തിമാർഗ്ഗങ്ങളിൽ ചിലതിനെക്കുടെ എടുത്തു

വിശുദ്ധ കുബ്പാനയുടെ ഒരു കാവൽപടയാളി.

താഴെ പറയാൻ പോകുന്ന സംഭവം ഏതാനും വർഷങ്ങൾക്കു മുമ്പു പരീസിൽ നടന്നിട്ടുള്ളതും വിശുദ്ധ കുബ്പാനയുടെ മുമ്പാകെ തങ്ങളുടെ ആരാധന മണിക്കൂറു നടത്തുന്നതിനു വിശ്വാസികൾക്കു ഉത്സാഹം ജനിപ്പിക്കത്തക്കതും ആകുന്നു.

ഒരു സേനാധിപൻ തന്റെ കീഴിലുള്ള ഒരു പടയാളി പലപ്പോഴും സമീപെയുള്ള ഒരു ദേവാലയത്തിൽ പോവുകയും അവിടെ വളരെനേരം ചെലവഴിക്കയും ചെയ്യുന്നതായി തന്റെ വസതിയുടെ ജന്നലിൽക്കൂടി കാണുക ഉണ്ടായി. പല ദിവസവും അദ്ദേഹം സൂക്ഷിച്ചതിൽ ആ പടയാളി എല്ലാ ദിവസവും നിശ്ചിതമണിക്കൂറിൽ പ്രസ്തുത പള്ളിയിൽ പോകുന്നതായി കണ്ടു. തന്നിമിത്തം അയാൾ എന്തിനായിട്ടാണ് പള്ളിയിൽ പോയി ഇത്രനേരം താമസിക്കുന്നതെന്നറിയുന്നതിനു സഹസ്രാധിപന്റെ ഉള്ളിൽ വലിയ ഒരാഗ്രഹം ജനിച്ചു. എന്തുകൊണ്ടെന്നാൽ ആ പടയാളി വലിയ ഒരു ഭക്തനാണെന്നു ആരും പറഞ്ഞുകേട്ടിട്ടില്ലായിരുന്നു. ഇതിനാൽ ഈ രഹസ്യം എങ്ങനെയെങ്കിലും കണ്ടുപിടിക്കണമെന്നു നിശ്ചയിച്ചു. ഇങ്ങനെ ഒരു ദിവസം പ്രസ്തുത ഭടൻ പതിവനുസരിച്ചു ദേവാലയത്തിലേക്കു പ്രവേശിക്കുന്നതു തന്റെ മേടയുടെ വരാന്തയിൽനിന്നു കണ്ടയുടൻ തിടുക്കമായി അവന്റെ പിന്നാലെ ചെന്നു പള്ളിയകത്തു കടന്നു ഒരു മൂലയിൽ ഒളിച്ചിരുന്നുകൊണ്ടു ആ ഭടൻ എന്തു ചെയ്യുന്നുവെന്നു സൂക്ഷിച്ചുകൊണ്ടിരുന്നു. എന്നാറെ, അയാൾ വിശുദ്ധ കുബ്പാനയുടെ സന്നിധിയിൽ കൈകൾ നെഞ്ചിന്മേൽ കുരിശാകൃതിയിൽ വച്ചുകൊണ്ടു ചഞ്ചലമറ്റവനായി ഒരു കൊത്തുരൂപംപോലെ നിൽക്കുന്നതു കണ്ടു സേനാധിപൻ അത്യാശ്ചര്യത്തോടുകൂടി കുറെ അധികനേരം കാത്തുകൊണ്ടിരുന്നു. അരമണിയായി മുക്കാൽ മണിയായി എന്നിട്ടും പടയാളി അശേ

കാണിക്കുന്നതു യുക്തമായിരിക്കുമല്ലോ. ഈ മാർഗ്ഗങ്ങളിൽ ഫലസിദ്ധികൊണ്ടു മുന്നണിയിൽ നില്ക്കുന്നതു് മരണം, വിധി, നരകം, മോക്ഷം ഇവകളെപ്പറ്റി ക്രൂടക്കൂടെ ചിന്തിക്കുന്നതാകുന്നു. മനുഷ്യൻ നഗ്നനായിട്ടു ഈ ലോകത്തിലേക്കു പ്രവേശിച്ചു. നഗ്നനായിട്ടു ഇതിനെ വിട്ടുപിരികയും ചെയ്യും. സമ്പന്നന്മാർ, സുഖസമ്പത്തുകളുടെയും നാഥനായ ദൈവത്തിന്റെ കാര്യസ്ഥന്മാർ എന്ന നിലയിൽ മാത്രമെ ഇരിക്കുന്നുള്ളു. അതിനാൽ ഓരോരുത്തനും അവനവനു ലഭിച്ചിരിക്കുന്ന ധനത്തെ ശരിയായി ഉപയോഗിക്കുന്നില്ലെങ്കിൽ, തനിക്കുകിട്ടിയ നാണയത്തെ ദുഷ്പ്രയോഗിച്ച മടിയനായ ദാസനെ നോക്കിക്കൊണ്ടു് "ഇവനെ നിങ്ങൾ ബാഹ്യാന്ധകാരത്തിലേക്കു എറിഞ്ഞുകളവിൻ; അവിടെ പ്രലാപവും പല്ലിറുമ്മലും ഉണ്ടാകും" എന്ന കർത്താവരുൾചെയ്ത ഭയങ്കരമായ ശിക്ഷാവിധി തന്നെ വന്നുകൂടുമെന്നു ഓർമ്മിച്ചിരിക്കേണ്ടതാണ്. സ്വയം ദരിദ്രാവസ്ഥയെ സ്വീകരിച്ച മ്ശിഹായുടെ ദൃഷ്ടാന്തവും പഠനവും അമിതമായ ദ്രവ്യാശയ്ക്കു ബലമേറിയ കടിഞ്ഞാൺ ആകുന്നു. അപ്രകാരം തന്നെ മ്ശിഹായെപ്രതി സ്വർഗ്ഗവും ഉപേക്ഷിച്ച വിശുദ്ധന്മാരുടെ ജീവചരിത്രം വായിക്കുന്നതും ഈ ഉദ്ദേശ സാദ്ധ്യത്തിനു വളരെ ഉപകരിക്കുന്നതാണ്.

ഇത്രയും പറഞ്ഞതുകൊണ്ടു് ന്യായമായ മാർഗ്ഗത്തിൽക്കൂടെ പ്രയത്നിച്ചു് ധനശേഖരം ചെയ്യുന്നതു നിന്ദ്യമാണെന്നുള്ള ഒരനുമാനം വരുന്നില്ലല്ലൊ. നേരെമറിച്ചു് ശരിയായ വിധത്തിൽ ഏതുഎങ്കിലും മുതൽക്കൂട്ടി ലോകോപകാരത്തിനായി ചെലവഴിക്കുന്ന ഒരാൾ സർവ്വരാലും പ്രശംസിക്കപ്പെടുന്നു. പുണ്യസമ്പാദനത്തിന്റെ പരമോദ്ദേശ്യവും ഇതുതന്നെയാണ്. ജീവഭാരത്തെ ലഘൂപ്പെടുത്തുന്നതിനു പണം ഒഴിച്ചുകൂടാത്തതായിരിക്കുന്നതുകൊണ്ടു്, ഏതുവിധത്തിലും സമ്പത്തുണ്ടാക്കണമെന്നുവച്ചു പ്രയത്നിക്കുന്നതു പരമാബദ്ധമാണെന്നേ ഇപ്പോൾ പറഞ്ഞതിൽ നിന്നു ഗ്രഹിക്കേണ്ടതുള്ളു.

ഷം നിശ്ചലനായി, അധരങ്ങൾ പോലും ഇളക്കാതെ നിന്നിരുന്നതു കണ്ടു തന്റെ അതിശയം പതിന്മടങ്ങു വർദ്ധിച്ചു അപ്പഴൊ, അവൻ ജപം ചെയ്യുന്നില്ലയൊ? പിന്നെയെന്തൊന്നാണ് ചെയ്യുന്നതു? ഒരുപക്ഷെ വല്ല തന്ത്രവും വിചാരിക്കയായിരിക്കുമോ? ഭക്തിക്കാരന്റെ ഭാഷയിൽ വല്ല ദുരാലോചനയും മറച്ചു വെച്ചിട്ടുണ്ടായിരിക്കുമോ? എന്നിപ്രകാരം ഓരോ സംശയം സേനാധിപന്റെ മനസ്സിൽ അങ്കുരിച്ചുതുടങ്ങി.

അപ്പൊഴേക്കു മണി ഒന്നടിച്ചു. തൽക്ഷണം പടയാളി തൊപ്പി എടുത്തുകൊണ്ടു പള്ളിയിൽനിന്നും ധൃതിയിൽ പുറപ്പെട്ടു. സേനാധിപനു അവന്റെ പിന്നാലെ എത്തുന്നതിനു സാധിച്ചില്ല. ഇതിനാൽ അയാളുടെ ആശ്ചര്യം അത്യധികമായി വർദ്ധിച്ചു. പിറ്റെ ദിവസം പടയാളി വരുന്നതുവരെ അക്ഷമനായി പാർത്തിരിക്കേണ്ടിവന്നു. ഇന്നു ഏതു വിധേനയെങ്കിലും രഹസ്യം മനസ്സിലാക്കണമെന്നു കരുതി പടയാളി വരുന്ന സമയത്തിനു സ്വല്പം മുമ്പായി ഉദ്യോഗസ്ഥൻ പള്ളിയകത്തു പ്രവേശിച്ചു തന്റെ മൂലയിൽ മറഞ്ഞിരുന്നു. അപ്പോൾ ഇതാ പടയാളി പതിവനുസരിച്ചു പള്ളിയിൽ വന്നു വിശുദ്ധ കുർബ്ബാനയുടെ മുമ്പാകെ ചെന്നു ഒരു മണിക്കൂറു നേരം പൂർണ്ണനിശ്ചലനായി നിൽക്കയായി. മണി ഒന്നു കൊട്ടിയ ക്ഷണത്തിൽ, പതിവുപോലെ തൊപ്പി എടുത്തു പള്ളിയിൽ നിന്നു പുറപ്പെട്ടു. ധൃതിയിൽ സേനാധിപൻ അടുത്തുചെന്നു അധികാരഭാവത്തോടുകൂടി അവന്റെ തോളിൽ കൈവച്ചുകൊണ്ടു, നീ എന്താണിവിടെ ചെയ്യുന്നതു? നീ ഒരു ഭക്തിക്കാരനാണെന്നുള്ള വിവരം ഞാനറിഞ്ഞിട്ടില്ലായിരുന്നല്ലോ? എന്നു പറഞ്ഞു. അതിനു പടയാളി, ഭക്തിക്കാരനോ? അയ്യോ, ഞാൻ ഒട്ടും ഭക്തിക്കാരനല്ല. എന്റെ യജമാനനെ! ഞാൻ ഇതുവരെ ആദ്യകുർബ്ബാന കൈക്കൊള്ളുപ്പാട്ടുകുടെയും കഴിച്ചിട്ടില്ല. എന്നുത്തരിച്ചു.

സേനാധിപൻ– അങ്ങനെയാണെങ്കിൽ പിന്നെയെന്തിനാണ് നീ ദിവസം തോറും പള്ളിയിൽ പോയി ഒരു മണിക്കൂറുനേരം നിൽക്കുന്നതു? നീ അവിടെ എന്താണ് ചെയ്യുന്നതു?

പടയാളി– എന്റെ സഹസ്രാധിപരങ്ങനേ! ഞാൻ അവിടെ കാവൽ ജോലി നടത്തുകയാണ്.

സേനാധിപൻ– പള്ളിയിൽ കാവൽജോലി നടത്തുകയൊ? എന്താണ് നീ പറയുന്നതു? എന്നു കുറേ ദേഷ്യഭാവത്തിൽ ചോദിച്ചു.

പടയാളി– അതെ, യജമാനനെ! പള്ളിയിൽ ഞാൻ കാവൽജോലി നടത്തുന്നുണ്ടു. അതിനുള്ള കാരണം ഇപ്രകാരമാണ്; ഒരു ഒഴിവുദിവസം ഞാൻ അസംഗതിയായി ഒരു പള്ളിയിൽ പ്രവേശിച്ചപ്പോൾ ഒരു അച്ചൻ അവിടെ പ്രസംഗം പറകയായിരുന്നു. നമ്മുടെ ദിവ്യരക്ഷകൻ ബലിപീഠത്തിൽ വിശുദ്ധ സക്രാരിയിൽ രാപകൽ അടക്കപ്പെട്ടിരിക്കുന്നു എന്നും നമ്മുടെ സ്നേഹനിമിത്തം അവിടെ എല്ലായ്പോഴും എഴുന്നള്ളിയിരിക്കുന്നു എന്നും ഉള്ള സംഗതി അദ്ദേഹം എത്രയും വിശദമായി പറകയുണ്ടായി. അനന്തരം ഞാൻ സൈന്യാലയത്തിൽ പിന്തിരിഞ്ഞപ്പോൾ, സൈന്യാധിപന്റെ മുമ്പാകെ രണ്ടു കാവൽപടയാളികളും സഹസ്രാധിപന്റെ മുമ്പാകെ ഒരാളും ഹാജർ നിൽക്കുന്നതു എന്റെ ശ്രദ്ധയെ ആകർഷിച്ചു. പിറ്റെ ദിവസം ഞാൻ സമീപമുള്ള ഒരു ദേവാലയത്തിൽ ചെന്നു നോക്കിയതിൽ, വിശുദ്ധ ബലിപീഠത്തിന്റെ സന്നിധിയിൽ ഒരു പൂച്ചയേപ്പോലും ഞാൻ കണ്ടെത്തിയില്ല. അപ്പോൾ ഞാൻ നിശ്ചയിച്ചു; ഇതു ചിതമല്ല. നമ്മുടെ കർത്താവിന്റെ തിരുമുമ്പിൽ നിൽക്കുന്നതിനു യാതൊരു കാവൽഭടനേയും നിയമിച്ചിട്ടില്ലാത്തതുകൊണ്ടു ഞാൻതന്നെ ആ ജോലി വഹിച്ചുകൊള്ളാം എന്നുറച്ചു. അന്നു മുതൽ ഇന്നുവരെയും ഞാൻ എല്ലാ ദിവസവും വിശുദ്ധ കുർബ്ബാനയുടെ സന്നിധിയിൽ കാവൽ നിൽക്കുന്നുണ്ടു. എനിക്കു ജപങ്ങളൊന്നും അറിഞ്ഞുകൂടാത്തതുകൊണ്ടു, ഞാൻ ഒന്നും ചൊല്ലുന്നില്ല. പിന്നെയൊ ബലിപീഠത്തിനു സമീപം ചെന്നുനിന്നുകൊണ്ടു "എന്റെ ദൈവമേ! ഞാൻ അങ്ങേ തിരുമുമ്പിൽ നിൽക്കുന്നു. കുറ

ഞ്ഞപക്ഷം അങ്ങെ ഇവിടെ തനിയെ ഇരുത്തുന്നില്ല. ഒരു സഹസ്രാധിപനുള്ള തുപോലെ ഒരു കാവൽപടയാളിയെങ്കിലും അങ്ങേയ്ക്കുണ്ടല്ലോ എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ."

ചില വാരത്തിനുശേഷം ആ ഉദ്യോഗസ്ഥൻ ക്രിസ്ത്യൻബ്രദേർസമാരുടെ വേദോപദേശശാലയിൽ അവനെ ആക്കുകയും അവിടെവെച്ചു അവൻ വേണ്ടപോലെ വേദകാര്യമെല്ലാം പഠിച്ചു അത്യന്ത ഭക്തിപൂർവ്വം ആദ്യകുർബ്ബാന കൈക്കൊള്ളുകയും ചെയ്തു.

ഈ പഠിപ്പില്ലാത്ത പടയാളി തന്റെ ജോലിത്തിരക്കിന്റെ മദ്ധ്യേ കിട്ടിയ സ്വല്പമായ ആശ്വാസസമയം സ്നേഹിതന്മാരുടെ സഹവാസത്തിലും ഉല്ലാസത്തിലും ചെലവഴിക്കാതെ ദിവ്യകാരുണ്യഈശോയുടെ തിരുമുമ്പിൽ കാവൽ നില്പാനായി ഇത്ര ഔദാര്യമായി പൂജിച്ചതിൽ കാണിച്ചിരിക്കുന്ന ജീവനുള്ള വിശ്വാസത്തിന്റെയും ഭക്തിയുടേയും ദൃഷ്ടാന്തം ക്രൂരതലായ അറിവും സമയവും മറ്റെല്ലാ സൌകര്യവും ഉള്ള നമ്മുടെ അലസതയെ എത്രയൊ കുറ്റപ്പെടുത്തുന്നു?

ഗ്രന്ഥകർത്താവ്.

ഒരു സാരമേറിയ ദൈക്രോത്തു.

ദിവ്യകർമ്മാനുഷ്ഠാന തിരുസംഘത്തിൽനിന്നു ഫ്രൻസ് ചിങ്ങം വ്യാഴം-, പൈതങ്ങൾക്കു വിശുദ്ധ ക്രിയാശകൾ കൊടുക്കേണ്ട പ്രായത്തെക്കുറിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള എത്രയും സാരമേറിയതും സകലരും അറിഞ്ഞിരിക്കേണ്ടതുമായ ദൈക്രോത്തിന്റെ സാരാംശങ്ങൾ ശരിയായി തർജ്ജമചെയ്തു താഴെ ചേർക്കുന്നു:

൧. പൈതങ്ങൾ കുമ്പസാരിക്കുന്നതിനും വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നതിനും ആവശ്യപ്പെട്ട തിരിച്ചറിവിന്റെ പ്രായം അവർ ബുദ്ധികൊണ്ടു ആലോചിപ്പാൻ തുടങ്ങുന്ന സമയംതന്നെയാണ്. അതു സാധാരണ ഏഴുവയസ്സിലാണ്. ഈ സമയം മുതൽ കുമ്പസാരിക്കുന്നതിനും വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നതിനുമുള്ള കടമ തുടങ്ങുന്നു.

൨. ആദ്യ കുമ്പസാരത്തിനും വിശുദ്ധ കുർബ്ബാന കൈക്കൊള്ളുപ്പാടിനും വേദോപദേശം മുഴുവനും പൂർണ്ണമായി പഠിച്ചിരിക്കുവാനാവശ്യമില്ല. എന്നാലും കുട്ടികൾ ക്രമേണ വേദോപദേശം മുഴുവനും തങ്ങളുടെ പ്രായത്തിനു തക്കവണ്ണം പഠിപ്പാൻ കടപ്പെട്ടിരിക്കുന്നു.

൩. കുട്ടികൾ നിത്യരക്ഷയ്ക്കാവശ്യപ്പെട്ട വിശ്വാസരഹസ്യങ്ങളെ തങ്ങളുടെ പ്രായത്തിനു തക്കവണ്ണം അറിഞ്ഞിരിക്കയും, സാധാരണയുള്ള വെറും അപ്പത്തിൽനിന്നു വിശുദ്ധ കുർബ്ബാനയെ തിരിച്ചറികയും, പ്രായത്തിനുതക്കവണ്ണത്തോടെ ദിവ്യവിരുന്നിനു അണയുകയും ചെയ്യുമെങ്കിൽ, അവർക്കു ആദ്യ കുർബ്ബാന കൈക്കൊള്ളുപ്പാടിനു ആസന്നമാകുവാൻ ആവശ്യപ്പെട്ട വേദോപദേശ അറിവുണ്ടായിരിക്കുന്നു.

൪. കുമ്പസാരത്തിന്റെയും കുർബ്ബാന കൈക്കൊള്ളുപ്പാടിന്റെയും കടമ കുട്ടികളുടെമേൽ നിൽക്കുന്നുവെങ്കിലും, അവർ ആരുടെ സൂക്ഷത്തിലിരിക്കുന്നുവോ അവരുടെമേലും, അതായതു മാതാപിതാക്കന്മാർ,കുമ്പസാരക്കാരാദിയായ പട്ടക്കാർ, ഗുരുക്കന്മാർ, ജ്ഞാന ഇടയന്മാർ എന്നിവരുടെമേലും നിൽക്കുന്നതാണ്. എന്നാൽ റോമ്മാ വേദോപദേശപ്രകാരം അപ്പന്റെമേലും അഥവാ അപ്പന്റെ സ്ഥാനം വഹിക്കുന്നയാളിന്റെമേലും കുമ്പസാരിപ്പിക്കുന്ന പട്ടക്കാരന്റെ മേലുമാണ് കുട്ടികളെ കുർബ്ബാന കൈക്കൊള്ളിക്കുന്ന ഗുരുതല നിൽക്കുന്നതു്.

൫. ആത്മപാലകർ ആണ്ടിൽ ഒരിക്കൽ അല്ലെങ്കിൽ പലതവണ മുൻകൂട്ടി അറിവിച്ചുകൊണ്ടു കുട്ടികളെ പൊതുവായി കുർബ്ബാന കൈക്കൊള്ളുപ്പാട് കഴിപ്പിക്കുന്നതിനു ശ്രമിക്കണം. ഈ അവസരങ്ങളിൽ ആദ്യമായി കുർബ്ബാന കൈക്കൊള്ളുന്ന കുട്ടികളെ മാത്രമല്ല ചേർക്കേണ്ടതു; മുൻ വിവരിച്ചപ്രകാരം മാതാപിതാക്കന്മാരുടെയോ കുമ്പസാരിപ്പിക്കുന്ന പട്ടക്കാരുടെയോ സമ്മതത്തോടെ മുമ്പു ദിവ്യവിരുന്നിനു അണഞ്ഞ കുട്ടികളേയും ചേർക്കണം. രണ്ടുകൂട്ടർക്കുംവേ

ണ്ടി പല ദിവസത്തെ ഉപദേശങ്ങളും ഒരുക്കങ്ങളും മുൻകൂട്ടി കഴിക്കയുംവേണം.

൩. കുട്ടികൾ ആദ്യകുമ്പാനകൈക്കൊള്ളുപ്പാടിന്റെശേഷം പലപ്പോഴും എന്നല്ല ഓരോശോ മ്ശിഹായും തിരുസഭയും ആഗ്രഹിക്കുന്നപോലെ പാടുണ്ടെങ്കിൽ ദിവസേനയും ദിവ്യബലിയിൽ അണയുവാൻ അവരുടെ നടത്തുകാർ അതൃന്ത താല്പര്യം വെക്കേണ്ടതാണു; അല്പകാലംതന്നെ അവരുടെ പ്രായത്തിനുതക്ക ഭക്തിയോടുകൂടെ അതു കഴിക്കുന്നുണ്ടോ എന്നു സൂക്ഷിക്കയുംവേണം. പൊതുവായ വേദോപദേശത്തിനു കുട്ടികൾ ഹാജരുണ്ടായിരിപ്പാൻ ശ്രമിക്കുന്നതിനു അവരുടെ നടത്തുകാക്കു പ്രത്യേക കടമയുണ്ടായിരിക്കുന്നു. ആ കടമയെ നിവൃത്തിക്കാഞ്ഞാൽ കുട്ടികൾ വേദോപദേശങ്ങളെ തെറ്റിധരിക്കും.

൭. കുട്ടികളെ കുമ്പസാരിപ്പിക്കാതെയിരിക്കുന്നതും അവരുടെ ദോഷം പോക്കാതെയിരിക്കുന്നതുമായ മാമൂൽ നടപ്പു കേവലം ശപിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അതതു സ്ഥലങ്ങളിലെ മെത്രാന്മാർ നിയമാനുസൃതങ്ങളായ പോംവഴികളെ പ്രയോഗിച്ചുകൊണ്ടു ഈ നടപ്പിനെ നീക്കുന്നതിനു ശ്രമിക്കണം.

൮. തിരിച്ചറിവുവന്ന കുട്ടികൾക്കു യാതൊരുപ്രകാരം കുമ്പാന കൊടുക്കാതെയിരിക്കുന്നതും അവക്കു ഒട്ടുക്കത്തെ ഒപ്പുശ്ശാ കൊടുക്കാതെയിരിക്കുന്നതും ഉണ്ണികളെപോലെ അവരെ അടക്കുന്നതും ഏറ്റവും വെറുക്കത്തക്ക അവമര്യാദയാണു. അതാതു സ്ഥലങ്ങളിലെ മെത്രാന്മാർ ഈ അവമര്യാദയെ നീക്കാത്തവരെ കഠിനമായി ശിക്ഷിക്കേണ്ടതാണു.

തിരുസംഘത്തിന്റെ ഈ എട്ടു നിയമങ്ങളേയും നമ്മുടെ പരിശുദ്ധ പിതാവായ പത്താം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ൧൯൧൦ ചിങ്ങം ൦൧ നു സ്ഥിരീകരിക്കയും അച്ചടിച്ചു പ്രസിദ്ധീകരിപ്പാൻ കല്പിക്കയും ചെയ്തു. ക്രൂതെയും ഓരോ സ്ഥലങ്ങളിലെ മെത്രാന്മാർ ഈ ദെക്രേത്തു വൈദികരും ആത്മപാലകരും മാത്രമല്ല സകല ജനങ്ങളും അറിയുന്നതിനു ശ്രമിക്കേണമെന്നും, ആണ്ടുതോറും പെസഹാകാലത്തിൽ ഈ ദെക്രേത്തു നാട്ടുഭാഷയിൽ ജനങ്ങൾകേൾക്കത്തക്കവണ്ണം വായിക്കപ്പെടേണമെന്നും തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു. ഇതുമല്ല, മെത്രാന്മാർ അഞ്ചാമാണ്ടുതോറും മിസ്സറിപ്പോർട്ടു അയക്കുമ്പോൾ ഈ ദെക്രേത്തിന്റെ കാര്യത്തിനെ പറ്റിയും തിരുസിംഹാസനത്തെ വിവരം അറിയിക്കേണമെന്നും ചുമതലപ്പെടുത്തിയിരിക്കുന്നു.

ജ്ഞാപനം— ഈ ദെക്രേത്തിൽ കല്പിക്കപ്പെട്ടുന്ന സംഗതികൾ തിരുസഭ പൂർവ്വത്തിൽതന്നെ കല്പിച്ചിട്ടുള്ളതും വിശുദ്ധ മല്പാന്മാർ പഠിപ്പിച്ചിട്ടുള്ളതുമാണു. തിരിച്ചറിവു വന്നിട്ടുള്ള ഇരുവർഗ്ഗക്കാരായ വിശ്വാസികളും ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കേണമെന്നും വിശുദ്ധ കുമ്പാന പെസഹാകാലത്തിലെങ്കിലും ഉൾക്കൊള്ളേണമെന്നും നാലാമത്തെ ലത്തരാൻ ആകമാന സൂനഹദോസിന്റെ ൨൧–ാമത്തെ കാനോനായിൽ കല്പിക്കപ്പെട്ടിരിക്കുന്നു. "തിരിച്ചറിവു പ്രാപിച്ച ഇരുവർഗ്ഗക്കാരായ വിശ്വാസികളും പരിശുദ്ധ മാതാവായ പള്ളി കല്പിക്കുംപ്രകാരം ആണ്ടിലൊരിക്കൽ പെസഹാകാലത്തിലെങ്കിലും വിശുദ്ധ കുമ്പാന കൈക്കൊള്ളുവാൻ കടപ്പെട്ടിരിക്കുന്നു എന്നുള്ളതിനെ യാതൊരുത്തൻ നിഷേധിച്ചാൽ അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ" എന്നു ത്രെന്തോസ് സൂനഹദോസ് നിശ്ചയിച്ചിരിക്കുന്നു. വിശുദ്ധ തോമ്മാമല്പാൻ, വിശുദ്ധ അന്തോനീനോസ്, വാസ്ക്വെസ് മുതലായ വേദപാരഗന്മാരും ഈ സത്യത്തെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ടു.

(Vide 'Freeman's Journal,' May 16, 1914)

ഫ. ൨. ൨൬൮

തിരുക്കുരിശിനെപ്പറ്റിയുള്ള ഒരു ഐതിഹ്യം.

ലോത്തു് സോദോം നഗരിയെ വിട്ടുപോകുന്ന വഴിമദ്ധ്യേ ഒരു ദൈവദൂതൻ മൂന്നു സൈപ്രസ് (ഒരുതരം വൃക്ഷം)

കൊമ്പുകളെ കൈയിൽ പിടിച്ചുകൊണ്ടു അയാൾക്കു പ്രത്യക്ഷനായിട്ടു് ഇപ്രകാരം പറഞ്ഞു: "ഈ കൊമ്പുകൾ വേരു പിടിച്ചു വളരുമെങ്കിൽ നിന്റെ വലിയ പാപത്തിനു നിനക്കു മാപ്പു ലഭിക്കും. ഇവ ഉണങ്ങിപ്പോകുമെങ്കിൽ നി തക്കപോലെ ശിക്ഷിക്കപ്പെടും. ഇവകളെ നനയ്ക്കുന്നതിനു യോർദനാൻ നദിയിൽനിന്നു നീ ദിവസംപ്രതി വെള്ളം കോരിക്കൊണ്ടുവരണം" ഇതു് ഒരു പ്രയാസമേറിയ ജോലി ആയിരുന്നു എങ്കിലും, ഇതിന്റെ അനൗചിത്യത്തെപ്പറ്റി ലോത്തു് യാതൊന്നും പറഞ്ഞില്ല. എല്ലാ ദിവസവും കാലത്തു വിശുദ്ധ നദിയിൽ ചെന്നു് തന്റെ വിലയേറിയ വൃക്ഷങ്ങൾക്കായി അയാൾ വെള്ളം കോരിക്കൊണ്ടുവന്നു നനച്ചിരുന്നതിനാൽ അവ ആശ്ചര്യകരമായ വിധത്തിൽ വളർന്നു തഴച്ചുവന്നിരുന്നു. ഒരു ദിവസം പതിവുപോലെ ജലപാത്രവുമായി തിരിച്ചുവരുകയിൽ വഴിയരികെ ഒരു ഭിക്ഷുവിനെ കണ്ടുമുട്ടി. ആ സാധുവായ മനുഷ്യൻ കുടിക്കാൻ കുറെ വെള്ളം തരേണമെന്നപേക്ഷിച്ചു. അവനു കുറെ വെള്ളം കൊടുത്താലും തന്റെ വൃക്ഷങ്ങൾക്കാവശ്യപ്പെട്ട വെള്ളം പോരാതെ വരുകയില്ലെന്നു വിചാരിച്ചു ലോത്തു് അവനു കുറെ വെള്ളംകൊടുത്തു. അവൻ ജലപാനം ചെയ്തു ദാഹശമനം വരുത്തിയപ്പോൾ, വേറൊരു യാചകൻ അവിടെവന്നുകൊണ്ടു് ജലദാനത്തിനായി അപേക്ഷിച്ചു. അവനും വെള്ളംകുടിച്ചു സന്തുഷ്ടനായപ്പോൾ, ഇനിയുമൊരുത്തൻ മുൻപറഞ്ഞ വിധത്തിൽ ലോത്തിനോടു യാചനയായി. ഇങ്ങനെ വെള്ളമെല്ലാം തീർന്നപ്പോൾ ലോത്തു് കുണ്ഠിതഭാവത്തിൽ മുഖത്തെ മണലുണ്ണിയിൽ പതിച്ചുകൊണ്ടു കുറേനേരം കിടന്നു. അവസാനത്തിൽ തല ഉയർത്തി നോക്കിയപ്പോൾ, ഒരു ദൈവദൂതൻ അയാളുടെ സമീപെ നിൽക്കുന്നതായി കണ്ടു. 'നീ എന്തുകൊണ്ടാണു കരയുന്നതു്' എന്നു മാലാഖാ ചോദിച്ചപ്പോൾ ലോത്തു് വിവരമെല്ലാം അറിയിച്ചു. ഉടനെ മാലാഖാ അയാളെ ആശ്വസിപ്പിച്ചുകൊണ്ടു് "നി ദുഃഖിക്കേണ്ട; അനുസരണം ദൈവമുമ്പാകെ ഇഷ്ടപ്പെട്ട ഒരു പുണ്യംതന്നെ. എങ്കിലും ഇതിനേക്കാൾ ദൈവതൃക്കണ്ണുകൾക്കു പ്രസാദകരമായിട്ടുള്ളതാണു പരസ്നേഹം. ദൈവത്തിന്റെ നിദ്ധനന്മാരെ നീ ശുശ്രൂഷിച്ചതിൽ നി ദൈവത്തിനുതന്നെ ശുശ്രൂഷചെയ്തു. ആകയാൽ ഇതിനു പ്രതിഫലമായി ഇന്നുതുടങ്ങി വൃക്ഷങ്ങൾ സ്വയമേവ വളർന്നുകൊള്ളും, നീ വെള്ളമൊഴിക്കുന്നതിനാവശ്യമില്ല. നിന്റെ പ്രായശ്ചിത്തം തീർന്നിരിക്കുന്നു" എന്നു പറഞ്ഞു. ഇപ്രകാരം വൃക്ഷങ്ങൾ ലോത്തിന്റെ സഹായംകൂടാതെ വളർന്നു വലിപ്പമുള്ളവയായി. മനുഷ്യസ്നേഹത്തെപ്രതി മരിച്ച ആൾ പരസ്നേഹസൌരഭ്യത്താൽ പരിമളപ്പെടുത്തപ്പെട്ട ഒരു മരത്തിൽ തൂങ്ങി മരണപീഡ അനുഭവിക്കുന്നതിനായിട്ടു ഇവയിൽ ഒന്നുകൊണ്ടാണു തിരുസ്ലീവാ നിർമ്മിക്കപ്പെട്ടതെന്നു് ഒരു ഐതിഹ്യമുണ്ടു്.

Y. ചാക്കോ. B.

തിരുസ്ഥലത്തു ചെയ്ത അനാചാരത്തിനു കിട്ടിയ ശിക്ഷ.

ഏതാനും വത്സരങ്ങളായിട്ടു പോർഗാളിന്റെ നടപ്പു് തല കീഴായിട്ടു എന്നു പറയുന്ന സമ്പ്രദായത്തിലാണല്ലൊ. സുപ്രധാനമായ വേദം രാജ്യശക്തിക്കു കീഴ്പെട്ടിരിക്കണം എന്നുമാത്രമല്ല നിവൃത്തിയുണ്ടെങ്കിൽ രാജ്യാതിർത്തികൾക്കുള്ളിൽ ഇല്ലാതെയാകണം എന്നാണു് ഇപ്പോഴത്തെ ജനാധിപത്യഭരണകർത്താക്കന്മാരുടെ ആഗ്രഹം. ഈ ഉദ്ദേശത്തോടുകൂടി വൈദികന്മാരോടും വൈദികസ്ഥാപനങ്ങളോടും അത്യന്തം വിരോധഭാവത്തിൽ ആണ് ഗവർമ്മേണ്ടു പ്രവർത്തിച്ചുവരുന്നതു്. ആശ്രമങ്ങൾ, ദേവാലയങ്ങൾ മുതലായി പല വിശുദ്ധ സ്ഥലങ്ങളേയും അവർ കേവലം ലൌകികമായ ഓരൊ കാര്യങ്ങൾക്കായി അപഹരിക്കയും മലിനപ്പെടുത്തുകയും ചെയ്യുവരുന്നുണ്ടു. ഈ വിധ ദുഷ്കൃതകളെ പ്രവർത്തിക്കുന്നവരെ ഈ ലോകത്തിൽവച്ചു തന്നെയും ദൈവം ചിലപ്പോഴെല്ലാം ശിക്ഷിക്കുന്നുണ്ടു്. ഈ വിധമുള്ള ഒരു സംഭവത്തെപ്പറ്റി പറ

ദേശപത്രങ്ങളിൽ കണ്ടതിനെ താഴെ മുരുക്കി കാണിക്കാം.

ഒപ്പൊർട്ടൊ (Oporto) നഗരത്തിലുണ്ടായിരുന്ന വി. പ്രൻസീസ്കോസിന്റെ ഒരു ആശ്രമത്തെ ഗവർമ്മേണ്ടു പണ്ടെ അപഹരിച്ചു അതോട്ടുചേന്ന് ദേവാലയത്തെ ഒരു പാണ്ടികശാലയായി ദുഷ്പ്രയോഗിച്ചുവരുകയായിരുന്നു. അനന്തരം അവിടെ വേറയും ചില കായ്യങ്ങൾ നടത്തുന്നതിനായി ആശ്രമത്തിൽ വലുതായ മാറങ്ങളെ വരുത്തുവാനും പുതുതായി ഒരു കെട്ടിടം പണിയുവാനും നിശ്ചയിച്ചു, ആ പട്ടണത്തിൽ ഏറവും പ്രസിദ്ധനായിരുന്ന ഒരുദ്യോഗസ്ഥനെ ആ കായ്യത്തിനു ഏല്പിച്ചുകൊടുത്തി. പള്ളിയിൽനിന്നു പുതിയ കെട്ടിടത്തിലേക്കു ഒരു ചാതിൽ വെട്ടിവെക്കേണ്ടതായി തോന്നുകയാൽ പള്ളിയിൽ അന്നും ശേഷിച്ചിരുന്നതും വ. കന്യകമറിയത്തിന്റെ വിലയേറിയതും മനോഹരവുമായ ഒരു സചിത്രപം ഇരുന്നിരുന്നതുമായ ത്രൊണോസ് നീക്കിക്കളയേണ്ടതായിവന്നു. വേലക്കാർ അതിനെ നീക്കുന്ന കായ്യത്തിൽ വിരോധികളായിരുന്നു. അവർ ആ പീഠത്തേയും സചിത്രപത്തേയും കുറിച്ചു വളരെ ബഹുമാനമുള്ളവരും ശൈശവം തുടങ്ങി ആ രൂപത്തിന്റെ മുമ്പിൽ പ്രാർത്ഥിച്ചുവന്നിരുന്നവരും ആയിരുന്നു. മാത്രമല്ല അവരുടെ മാതാപിതാക്കന്മാരും മറു അടുത്ത ആളുകളും അവരുടെ സന്താപവേളയിലും ദുഃഖകാലങ്ങളിലും വ. ക. മറിയം വഴിയായി ദൈവദാനങ്ങളെ അവിടെ അപേക്ഷിക്കുന്നതു അവർ കണ്ടിട്ടുമുണ്ടു്. അതിനാൽ അവർ ഈകായ്യമായി മതിക്കയും ബഹുമാനിക്കയും ചെയ്തിരുന്ന ആ സചിത്രപത്തെ ഉപദ്രവിക്കരുതെന്നു ബലമായി വിരോധിച്ചു. ഉദ്യോഗസ്ഥൻ അതു അവരുടെ മൂഢവിശ്വാസമാണെന്നു പറഞ്ഞു ആക്ഷേപിച്ചുകൊണ്ടു വേലക്കാരിൽ ഒരുത്തന്റെ കയ്യിലിരുന്ന കോടാലി വാങ്ങിച്ചു സചിത്രപത്തിന്റെ മറ്റിൽ ഒരു വെട്ടുവെട്ടി. വെട്ടിയ മാത്രയിൽ കോടാലി അവന്റെ കയ്യിൽനിന്നു വീണു; അവൻ ഭയങ്കരമായി നിലവിളിച്ചുംകൊണ്ടു കൈകൾകൊണ്ടു കണ്ണു പൊത്തി പുറകോട്ടു മറിഞ്ഞുവീണു്. അവൻ അശേഷം കുരുടനായിതീന്നു; മരണംവരെ വിണ്ടു കായ്യമുണ്ടായതുമില്ല. ബലിപീഠത്തിനു യാതൊരു ഹാനിയും സംഭവിച്ചില്ല. പണ്ടു വളരെ മനോഹരമായിരുന്ന ആ പള്ളിയിൽ ഇപ്പോൾ ദിവ്യകർമ്മാദികൾ നടന്നുവരുന്നുമുണ്ടു്. ശുപത്തിൽ വെട്ടുകൊണ്ട സ്ഥലത്തു ഇപ്പോഴും മുറിവു പ്രത്യക്ഷത്തിൽ കാണാവുന്നതാണു്.



തിരുഹൃദയ ഭക്തർമാർ

ജൂൺമാസം ൧൯൨൫ ജൂലായി മാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

ന്യായരാത്രി ശുദ്ധമായി ആചരിക്ക.

ന്യായരാത്രി ശുദ്ധമായി ആചരിക്കണമെന്നുള്ളതു ദൈവപ്രമാണമാകുന്നു. പഴയവേദത്തിൽ ശനിയാഴ്ചയാണു യൂദന്മാർ ശുദ്ധമായി ആചരിച്ചുവന്നിരുന്നതു്. ദൈവം കല്പിച്ചിരുന്നതും ശനിയാഴ്ച ശുദ്ധമായി ആചരിക്കണമെന്നായിരുന്നു. പുതിയ വേദത്തിൽ ശനിയാഴ്ചയ്ക്കു പകരം ന്യായരാത്രി ശുദ്ധമായി ആചരിക്കണമെന്നുള്ള കല്പന ദൈവനിയോഗത്താൽ ഉണ്ടായിട്ടുള്ളതാണു്. ശുദ്ധമായ ആചരണത്തിനു രണ്ടു കായ്യങ്ങൾ ആവശ്യമായിരിക്കുന്നു. ഒന്നാമത്തേതു ശുദ്ധമുള്ള പ്രവൃത്തികൾ ന്യായരാത്രി ദിവസത്തിൽ ചെയ്യുന്നതാകുന്നു. കുർബ്ബാന കാണുന്നതാകുന്നു ശുദ്ധമുള്ള പ്രവൃത്തികളിൽവച്ചു് ഏറവും ഉയർന്നതു. അതിനാലാണു് വിശ്വാസികൾ എല്ലാവരും ന്യായരാത്രിദിവസത്തിൽ കുർബ്ബാന കാണണമെ

ന്നു മാതാവായ വിശുദ്ധ പള്ളി അവരോടു കല്പിക്കുന്നതു്. വി. കുർബ്ബാനയുടെ വാഴ്വു കൈക്കൊള്ളുന്നതും ക്രൂത്തമായൊരു തനിച്ചൊ ജപങ്ങൾ ചെയ്യുന്നതും വി. കുർബ്ബാന ഉൾക്കൊള്ളുന്നതും ശുദ്ധ പ്രവൃത്തികൾ ആകയാൽ വിശ്വാസികൾ ഉത്സാഹപൂർവ്വം അവയെ ചെയ്യണം. ശുദ്ധമായ ആചരണത്തിനു ആവശ്യമായ രണ്ടാമത്തെ കായ്പും ഞായറാഴ്ച വേലപ്രവൃത്തികൾ ചെയ്യാതിരിക്കണം എന്നുള്ളതാണു്. ലോകകായ്കങ്ങൾ പ്രവർത്തിക്കുന്നതിനാൽ ദൈവത്തെ ഓർക്കുന്നതിനു നമുക്കു സമയം കിട്ടാതെ പോകുന്നു. നാം ദൈവത്തിന്റെ മക്കൾ ആകുന്നു; നമ്മുടെ നിജവാസസ്ഥലം സ്വർഗ്ഗരാജ്യമാണു്. ആകയാൽ ദൈവത്തെപ്പറ്റിയും സ്വർഗ്ഗരാജ്യത്തെപ്പറ്റിയും ഓർത്തു ചിന്തിക്കുന്നതിനു എല്ലാ വേലകളിൽ നിന്നും ഒഴിഞ്ഞു സ്വസ്ഥമായിരിക്കേണ്ടതാണു്. ഇങ്ങനെയാണു ഞായറാഴ്ച ദിവസത്തെ നാം ശുദ്ധമായി ആചരിക്കേണ്ടതു്. ഈ കാലത്തു ക്രൈസ്തവന്മാർ ഞായറാഴ്ച ആചരിക്കേണ്ട കടമകളെ ശരിയായി നിവർത്തിക്കാതെയിരിക്കുന്നു എന്നു മാത്രമല്ല, പലരും അതിനു വിരോധമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. ആകയാൽ തിരുഹൃദയഭക്തന്മാർ, ഞായറാഴ്ച ദിവസത്തെ സകല ക്രൈസ്തവന്മാരും ശരിയായി ആചരിച്ചുവരുന്നതിനായി നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടു പ്രാർത്ഥിക്കയും അതിനായി ദിവസംതോറും തങ്ങൾ ചെയ്യുവരുന്ന പ്രവൃത്തികൾ തിരുഹൃദയത്തിനു സമർപ്പിക്കയും ചെയ്യണം.

ലോകവർത്തമാനച്ചുരുക്കം.

പിലിപ്പയിൻ ദ്വീപങ്ങളിലുള്ള അസംഖ്യം മഹമ്മദീയരും ക്രിസ്തുമതേതരന്മാരും കത്തോലിക്ക വിശ്വാസത്തെ അവലംബിച്ചിരിക്കുന്നു.

൧൦–ാം പീയൂസ് മാർപ്പാപ്പായുടെ ൯–ാമത്തെ ജന്മദിവസം കഴിഞ്ഞമാസം ൨–ാംനു- വത്തിക്കാനിൽ വളരെ ആഘോഷമായി ആചരിക്കപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ തിരുമനസ്സിലേക്കു മംഗളങ്ങളെ ആശംസിക്കുന്നതായി ലോകത്തിന്റെ നാനാഭാഗത്തു നിന്നും കമ്പികളും എഴുത്തുകളും റോമയിൽ കിട്ടുകയുണ്ടായി. തിരുമനസ്സുകൊണ്ടു പോയ ആണ്ടിലേക്കാൾ ആരോഗ്യവാനായി കാണപ്പെട്ടതു സന്തോഷാവഹം തന്നെ. ഇനിയും വളരെക്കാലം ജീവിച്ചു തിരുസഭയെ ഭരിക്കുന്നതിനു ദൈവം സംഗതിയാക്കട്ടെ.

ഈശോസഭ പുനഃസ്ഥാപിക്കപ്പെട്ടതിന്റെ ശതവത്സരം അടുത്ത ഓഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്നതാകയാൽ അതിന്റെ ആഘോഷം പ്രമാണിച്ചു പ്രസ്തുത മാസം ൧, ൫, ൽ, ൭ എന്ന തീയതികളിൽ ഈ സഭക്കാരുടെ എല്ലാ ദേവാലയങ്ങളിലും ഉപകാരസ്മരണാകർമ്മങ്ങൾ നടത്തപ്പെടുന്നതാണു്. പ. പിതാവു തിരുമനസ്സുകൊണ്ടു, ഈ ൪ ദിവസങ്ങളിൽ ഏതിലെങ്കിലും കുമ്പസാരിച്ചു വി. കുർബ്ബാന ഉൾക്കൊണ്ടശേഷം ആ ദേവാലയങ്ങളിൽ ഒന്നിനെ സന്ദർശിച്ചു ഉപകാരസ്മരണ ചെയ്കയും ക്രമപ്രകാരം പ്രാർത്ഥിക്കയും ചെയ്യുന്നവർക്കു ഒരിക്കൽ മുഴുവൻ ദോഷപൊറുതിയും, പശ്ചാത്താപത്തോടു കൂടിയെങ്കിലും പള്ളി സന്ദർശനവും ശേഷം ക്രമങ്ങളും നടത്തുന്നവർക്കു ദിവസത്തിൽ ഒരിക്കൽ വീതം ഏഴിനെയും മണ്ഡലത്തെയും ദോഷപൊറുതിയും കല്പിച്ചു നൽകിയിരിക്കുന്നു. ഈ ദോഷപൊറുതികൾ ശുദ്ധീകരാത്മാക്കൾക്കായി കാഴ്ചവെക്കപ്പെടാവുന്നതുമാണു്.

കപ്പൂച്ചിൻ സഭക്കാരുടെ പൊതുയോഗം ആ സഭയുടെ രക്ഷാധികാരിയായ അസ്സീസ്സിയിലെ കാർഡിനൽ അലിയാർദി അവർകളുടെ അദ്ധ്യക്ഷത്തിൽ കഴിഞ്ഞ മാസത്തിൽ റോമായിൽ വച്ചു നടന്നിരിക്കുന്നു.

സന്ന്യാസ സഭയിൽ പ്രവേശിക്കുന്നവരുടെ നവസന്ന്യാസകാല പൂർത്തിയെപ്പറ്റി പല സംശയങ്ങളും ഉണ്ടായിക്കൊണ്ടിരുന്നതിനെ നീക്കേണ്ടതിനായി കഴിഞ്ഞമാസം ൨–ാംനു- ഒരു ദെക്രേത്തു പുറപ്പെട്ടിരിക്കുന്നു. അതിൽ ൧, നവസന്ന്യാസ വത്സരം പൂർത്തിയാകുന്നതിനു, മേലാൽ, ദിവസത്തെ അല്ലാതെ മണിക്കൂറിനെ ലക്ഷിക്കേണ്ടതില്ല എന്നും ആഘോഷവ്രതങ്ങൾക്കു മുമ്പത്തെ സാമാന്യവ്രതങ്ങൾക്കുള്ള ൨ വത്സരങ്ങളുടെ പൂർത്തിയും ഈ വിധംതന്നെകണക്കാക്കേണ്ടതാണു് ൩,നും

൨, നവസന്ന്യാസകാലം പേത്തുതുടങ്ങി പൂത്തിയാക്കുവാൻ തക്കവണ്ണം ൩൪ ഭേജിക്കപ്പെടുന്നതു്: ക) നവസന്ന്യാസി ശ്രേഷ്ഠനാൽ തള്ളപ്പെടുകയും ആശ്രമംവിട്ട പുറപ്പെടുകയും ചെയ്യുയൊ; ഖ) അനുമതിക്കുടാതെ അയാൾ ആശ്രമംവിട്ട പോകയൊ; ഗ) അനുവാദത്തോടുക്രൂടിതന്നെ ആയിരുന്നാലും നവസന്ന്യാസാവൃതിക്ക പുറമെ, മുപ്പതു ദിവസത്തിലധികം താമസിക്കയൊ ചെയ്യുമ്പോൾ ആകുന്നു എന്നും. — ൩, അനുവാദത്തോടുക്രൂടിത്തന്നെ എങ്കിലും ആ വൃതിവിട്ട, പല തവണകളിലായിട്ട തന്നെയാവട്ടെ, ൩൦ ദിവസത്തിനു താഴെ പാക്കുന്ന പക്ഷം, വാശ്രത്തം സാധുവാകുന്നതിനു അതു ദിവസങ്ങൾക്രൂടി നവസന്ന്യാസതപം അനുഷ്ഠിക്കേ തീരു എന്നും ശ്രേഷ്ഠന്മാർ ഈ വിധം അനുവാദം അതിശൈരവങ്ങളും ന്യായാനുസൃതവുമായ കാരണങ്ങളോടു ക്രൂടിയല്ലാതെ കൊടുക്കരുതെന്നുമാണ പറയപ്പെടുന്നതു്.

സിസിലിയിൽ ഈയിടെ ഉണ്ടായ ഒരു ഭൂകമ്പം നിമിത്തം ഒരു ഗ്രാമം മുഴുവനും പല ഗ്രാമങ്ങളുടെ ഭാഗങ്ങളും നാശിച്ചുപോകയും ൨൦൦ ആളുകൾ വരെ മരിച്ചുപോകയും ചെയ്തിരിക്കുന്നു. ആപത്തിൽ ഉൾപ്പെട്ട ജനങ്ങൾക്ക വൈദികന്മാരിലും, സന്ന്യാസികളിലും മെത്രാന്മാരിലും നിന്നു ദേഹം കൊണ്ടും ധനംകൊണ്ടും ആത്മികമായും ലൌകികമായും സിദ്ധിച്ചിട്ടുള്ള സഹായം അവർണ്ണനീയമാണ്. മാപ്പാപ്പാ തിരുമനസ്സുകൊണ്ടു സ്വന്ത ചെലവു് വകയിൽ നിന്നു പതിനായിരം പ്രാങ്കു് അയച്ചുകൊടുത്തിരിക്കുന്നു.

ജർമ്മൻ ചക്രവത്തി ബൈനദിക്തോസ് സഭക്കാരുടെ മറിയാ ലാക്ക (Maria Laach) എന്ന ആശ്രമത്തെ സന്ദർശിച്ച അവസരത്തിൽ ആശ്രമശ്രേഷ്ഠൻ സന്ദർശനസ്മാരകമായി ചക്രവത്തിക്കു സമർപ്പിച്ച പ. ക. മറിയരുടെ ഒരു സചിത്രരൂപം ബെർലിനി (Berlin) ലെ ചക്രവത്തിയുടെ അരമനയിൽ സ്ഥാപിച്ചിരിക്കുന്നു.

അമേരിക്കൻകാരനായ തിയോഡൊർ ബി ബാസെലിൻ എന്ന ആൾ അദ്ദേഹത്തിനുണ്ടായിരുന്ന ൩,൦൦൦,൦൦൦ രൂപാ വകക്കുള്ള സമ്പത്തു മുഴുവനും ഓരോ ധർമ്മകാര്യങ്ങൾക്കായി ചെലവു ചെയ്യണമെന്നു സ്വന്ത മരണശാസനത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

ഈ സംഖ്യയിൽ പ്രധാനഭാഗം വാഷിംഗ്ടൺ നിലെ കത്തോലിക്ക സർവ്വകലാശാലക്കു ചെല്ലുണം എന്നാണു് അദ്ദേഹത്തിന്റെ നിശ്ചയം.

ജർമ്മൻ പാർലിയമെൻറിൽ വച്ചു്, സെൻറർ പാർട്ടിയുടെ നേതാവായ ഡോക്ടർ സ്പാൻ (Dr. Spahn) അവർകൾ മാപ്പാപ്പായുടെ രാജ്യം തിരിച്ചു കൊടുക്കേണ്ടതാണെന്നു ഈയിട പ്രസ്താവിക്കയുണ്ടായി. ഇറ്റലിയിലെ രാജ്യതന്ത്രജ്ഞന്മാർക്കു ഇതു അത്ര രസിച്ചിട്ടില്ല. എങ്കിലും ഇറ്റലിയോടു സൌഹാർദ്ദത്തിൽ വർത്തിക്കുന്ന ജർമ്മനിയാണു ഇങ്ങനെ പ്രസ്താവിച്ചതെന്നുള്ളതു ഒരു പ്രത്യേകതയാണു്.

ഇറ്റലിക്കാരായ പന്തീരായിരം കൂട്ടികൾ പ. പിതാവിനെ ഈയിട സന്ദർശിക്കയും തിരുമനസ്സുകൊണ്ടു വളരെ പ്രസാദത്തോടുക്രൂടി അവരോടു പെരുമാറുകയും അവർക്കു ആശിസ്സു നൽകുകയും ചെയ്തിരിക്കുന്നു.

ഈയാണ്ടിൽ ലൂർദ്ദിലേക്കുള്ള തിരുയാത്രക്കാരുടെ സംഖ്യ വളരെ ക്രൂടുതലായിരുന്നു എന്നു കാണുന്നു. ഒരാഴ്ചയിൽ തന്നെ ൨൫ തീവണ്ടി (Train)കളിലായി പതിനായിരം തിരുയാത്രക്കാർ ആ തിരുസ്ഥലത്തെ സന്ദർശിച്ചിരിക്കുന്നു.

വിക്തോറിയാ രാജ്ഞിയുടെ പ്രപൌത്രനും ഇസ്പാന്യാ രാജാവിൻറെ സീമന്ത പുത്രനുമായ അസ്ത്രൂരിയസ് രാജകുമാരൻറെ ആദ്യകുർബ്ബാന ഉൾക്കൊള്ളൽ ഈയിട വളരെ ആഘോഷമായി നടന്നിരിക്കുന്നു.

൩൦ സംവത്സരത്തേക്കു ഈശോസഭാ ജനറാളിൻറെ സെക്രട്ടറിയായിരുന്ന ശേഷം ഈയിട മരിച്ചുപോയ അന്തോനിയൊ റോത്താ എന്ന വൈദികൻറെ സ്ഥാനത്തിൽ പിയെത്രൊത്താക്കിവെൻതുരി എന്ന വൈദികൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

'ഈശോയുടെ ചെറിയ കുസുമം' എന്നു പറയപ്പെടുന്ന 'കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയെ പ്രാർത്ഥിക്കുന്ന ൩൦൦-൪൦൦ എഴുത്തുകൾ ആ കന്യാമണി ജീവിച്ചിരുന്ന ലീസിയൊ എന്ന കർമ്മലീത്താ ആശ്രമത്തിൽ ദിവസേന കിട്ടിക്കൊണ്ടിരിക്കുന്നു. ആ പുണ്യകന്യകയുടെ ശവകുടീരത്തെ സന്ദർശിക്കുന്നതിനായി ഈയിട ൨൦൦൦ തിരുയാത്രക്കാർ ചെന്നിരുന്നു. അവളുടെ പൂർണ്ണമായ ജീവചരിത്രത്തിൻറെ ൪൨൦൦൦ പ്രതികൾ ൪൫ മാസംകൊണ്ടു പിരിഞ്ഞു തീർന്നിരിക്കുന്നു.